
THE



തിരുവിതാംകോട്ടു സക്കാർ ഗസെ

PUBLISHED BY AUTHORITY EVERY TUESDA

ഉത്തരവിൻ പ്രകാരം ചൊവ്വാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന

VOL. XLII.] TRIVANDRUM, TUESDAY, MARCH 8, 1904. / MAUSY 25, 1079.

വാല്യം ൪൨. തിരുവനന്തപുരം ൧൯൦൪ മാർച്ച് ൮ / ൧൦൭൯ കുംഭം ൨൫ ചൊവ്വാഴ്ച

CONTENTS

Part I.

Appointments.

PUBLIC WORKS DEPARTMENT.

Mr. O. S. Barrow, Assistant Engineer, Pachippara Sub-Division, is appointed to be in charge of the Kotayar Irrigation Project Division, during the absence of Mr. H. A. Minchin on leave.

GOVERNMENT PRESS.

M. R. Ry. C. V. Raman Pillai B. A., Sheristadar, High Court, to be Superintendent, Government Press, with effect from 1st March, 1904.

REGISTRATION DEPARTMENT.

Parameswara Aiyar, 1st Gumastha, Sub-Registrar's Office, Kunnatnad, to act as Sub-Registrar, Kunnatnad, during the absence of Cheriyan on leave or until further orders.

Krishna Pillai, 1st Gumastha, Sub-Registrar's Office, Kottarakara, to act as Sub-Registrar, Pattanapuram, during the absence of Namasivayam Pillai, on leave or until further orders.

Confirmation.

REVENUE AND MAGISTRACY.

M. R. Ry. K. P. Sankara Menon Avergal B. A. & B. L., acting Dewan Peishcar and District Magistrate, Kottayam Division, is confirmed in that appointment.

Promotion.

REVENUE AND MAGISTRACY.

M. R. Ry. K. Ramaswamy Aiyar B. A. & B. L., 2nd grade Tahsildar, Kottarakara Taluk, to be 1st grade Tahsildar, *vice* M. R. Ry. Rajarama Row promoted.

M. R. Ry. Govinda Pillai B. A. & B. L., 3rd grade Tahsildar, Kottayam, to be 2nd grade Tahsildar, *vice* M. R. Ry. Ramaswamy Aiyar B. A. & B. L., promoted.

M. R. Ry. Padmanabha Pillai, 4th grade Tahsildar, Mavelikara, to be 3rd grade Tahsildar, *vice* M. R. Ry. Govinda Pillai promoted.

നിയമം

പെച്ചിപ്പാറ സബ് ഡിവിഷനിൽ അസിസ്റ്റൻറ എൻജിനീയർ മിസ്റ്റർ ഒ. എസ്. ബാരോയെ മിസ്റ്റർ എച്ച്. എ. മിഞ്ചിൻ അവധിയിൽ ഇരിക്കുന്ന സമയം കോതയാറ ഡിവിഷൻ ചാർജ്ജിൽ നിയമിച്ചിരിക്കുന്നു.

ഹൈക്കോട്ട് ശിരസ്തദാർ മ. രാ. രാ. സി. വി. രാമൻപിള്ള ബി. എ.-യെ ൧൯൦൪-ാം വർഷം മാർച്ച് മാസം ൧-ാം മുതൽ ഗവർന്മെൻറു അച്ചുക്കൂടം സൂപ്രീൻറെൻഡൻറായി നിയമിച്ചിരിക്കുന്നു.

ചെറിയാൻ അവധിയിലിരിക്കുന്ന കാലത്തോ ഇനിയൊരുത്തരവുണ്ടാകുന്നതുവരെയ്ക്കോ കുന്നത്തുനാട്ടു സബ് രജിസ്ത്രാർ കാര്യം വിചാരിക്കുന്നതിനു ടി സബ് രജിസ്ത്രാരാഫീസ് ൧-ാം ഗുമസ്താ പരമെശ്വരയ്യനെ നിയമിച്ചിരിക്കുന്നു.

നമശിവായംപിള്ള അവധിയിൽ ഇരിക്കുന്ന കാലത്തൊ ഇനിയൊരുത്തരവുണ്ടാകുന്നതുവരെയ്ക്കോ പത്തനാപുരം സബ് രജിസ്ത്രാർ കാര്യം വിചാരിക്കുന്നതിനു ടി ആഫീസ് ൧-ാം ഗുമസ്തൻ കൃഷ്ണപിള്ളയെ നിയമിച്ചിരിക്കുന്നു.

സ്ഥിരപ്പെടുത്തിയ വിവരം

കൊട്ടയം ആക്ടിംഗ് ഡിവിഷൻ പേഷ്കാരും ഡിസ്ത്രിക്ട് മജിസ്ത്രേട്ടുമായ മ. രാ. രാ. കെ. പി. ശങ്കരമെനൊൻ ബി. എ., ബി. എൽ. അവർകളെ ആ ഉദ്യൊഗത്തിൽ സ്ഥിരപ്പെടുത്തിയിരിക്കുന്നു.

പ്രമോഷൻചെയ്ത വിവരം

പ്രമോഷൻ കൊടുക്കപ്പെട്ട മ. രാ. രാ. രാജാരാമരായർക്കു പകരം കൊട്ടാരക്കര താലൂക്ക ൨-ാം ഗ്രേഡ് തഹശീൽദാർ മ. രാ. രാ. കെ. രാമസ്വാമി അയ്യർ ബി. എ., ബി. എൽ.നെ ൧-ാം ഗ്രേഡ് തഹശീൽദാരായി നിയമിച്ചിരിക്കുന്നു.

പ്രമോഷൻ കൊടുക്കപ്പെട്ട മ. രാ. രാ. രാമസ്വാമി അയ്യർ ബി. എ., ബി. എൽ.നു പകരം കോട്ടയം താലൂക്ക ൩-ാം ഗ്രേഡ് തഹശീൽദാർ മ. രാ. രാ. ഗോവിന്ദപ്പിള്ള ബി. എ., ബി. എൽ.നെ ൨-ാം ഗ്രേഡ് തഹശീൽദാരായി നിയമിച്ചിരിക്കുന്നു.

പ്രമോഷൻകൊടുക്കപ്പെട്ട മ. രാ. രാ. ഗോവിന്ദപ്പിള്ളക്കു പകരം മാവെലിക്കര ൪-ാം ഗ്രേഡ് തഹശീൽദാർ പത്മനാഭപിള്ളയെ ൩-ാം ഗ്രേഡ് തഹശീൽദാരായി നിയമിച്ചിരിക്കുന്നു.

Transfers.

REVENUE AND MAGISTRACY.

M. R. Ry. Renganatha Aiyar B. A., Division Assistant and 1st class Magistrate, Padmanabhapuram Division, to be Division Assistant and 1st class Magistrate, Trivandrum, *vice* M. R. Ry. K. Aiyappan Pillai B. A., appointed as Palace Sarvadhikariakar, but to continue at Padmanabhapuram till relieved by M. R. Ry. Rajaram Row.

M. R. Ry. Rajaram Row B. A., 1st grade Tahsildar, now acting as Assistant to the Dewan Peishcar and 1st class Magistrate, Quilon Division, to be Assistant to the Dewan Peishcar and 1st class Magistrate, Padmanabhapuram Division, but to continue at Quilon till relieved by M. R. Ry. A. Rama Aiyar B. A. & B. L., now on leave.

M. R. Ry. C. Raghavachariar B. A., Tahsildar and 2nd class Magistrate, Trivandrum Taluk, to act as Division Assistant, Trivandrum, during the employment of M. R. Ry. Renganatha Aiyar in the Southern Division, or until further orders.

Krishna Pillai B. A. & B. L., acting Tahsildar and 2nd class Magistrate, Quilon Taluk, to act as Tahsildar and 2nd class Magistrate, Trivandrum Taluk.

Krishnaswamy Row B. A., Sheristadar, Padmanabhapuram Division, to be Tahsildar, Pattanapuram Taluk, on probation for one year, *vice* M. R. Ry. Sesha Aiyengar B. A. & B. L., transferred.

M. R. Ry. K. Ramaswamy Aiyar B. A. & B. L., Tahsildar and 2nd class Magistrate, Kottarakara Taluk, to be Tahsildar and 2nd class Magistrate, Quilon Taluk.

M. R. Ry. Sesha Iyengar B. A. & B. L., Tahsildar and 2nd class Magistrate, Pattanapuram Taluk to be Tahsildar and 2nd class Magistrate, Kottarakara Taluk.

സ്ഥലം മാററിയ വിവരം

പത്മനാഭപുരം ഡിവിഷൻ അസിസ്റ്റന്റും ൧ാം ക്ലാസ്സ മജിസ്ത്രേട്ടുമായ മ. രാ. രാ. രംഗനാഥയ്യർ ബി. എ യെ കൊട്ടാരം സർവ്വാധികാര്യക്കാരായി നിയമിക്കപ്പെട്ട മ. രാ. രാ. കെ. അയ്യപ്പൻ പിള്ള ബി എ യുടെ പകരം തിരുവനന്തപുരം ഡിവിഷൻ അസിസ്റ്റന്റും ഒന്നാം ക്ലാസ്സ മജിസ്ത്രേട്ടുമായി നിയമിച്ചിരിക്കുന്നു. എന്നാൽ മ. രാ. രാ. രാജാരാം രായരാൽ ജോലിയിൽ നിന്ന വിടുർത്തപ്പെടുന്നതുവരെ പത്മനാഭപുരത്തു തന്നെ ജോലിനോക്കേണ്ടതാകുന്നു.

ഒന്നാംഗ്രേഡ് തഹശീൽദാരും ഇപ്പോൾ കൊല്ലം ഡിവിഷനൽ ദിവാൻ പേഷ്കാരുടെ അസിസ്റ്റന്റും ൧ാം ക്ലാസ്സു മജിസ്ത്രേട്ടും കാര്യം വിചാരിക്കുന്നെയും മ. രാ. രാ. രാജാരാമരായർ ബി. എ യെ പത്മനാഭപുരം ഡിവിഷൻ ദിവാൻ പേഷ്കാരുടെ അസിസ്റ്റന്റും ൧ാം ക്ലാസ്സു മജിസ്ത്രേട്ടുമായി നിയമിച്ചിരിക്കുന്നു എന്നാൽ മ. രാ. രാ. എ. രാമയ്യർ ബി. എ., ബി. എൽ. അവധി കഴിഞ്ഞു ഹാജരായി ജോലിയിൽ നിന്ന വിടുർത്തുന്നതുവരെ കൊല്ലത്തു തന്നെ ജോലി നോക്കേണ്ടതാകുന്നു.

മ. രാ. രാ. രംഗനാഥയ്യർ പത്മനാഭപുരം ഡിവിഷനിൽ ജോലിനോക്കുന്ന കാലത്തോ ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെയോ തിരുവനന്തപുരം ഡിവിഷൻ അസിസ്റ്റന്റു കാര്യം വിചാരിക്കുന്നതിനു തിരുവനന്തപുരം തഹശീൽദാരും ൨ാം ക്ലാസ്സു മജിസ്ത്രേട്ടുമായ മ. രാ. രാ. സി. രാഘവാചാര്യർ ബി. എ.യെ നിയമിച്ചിരിക്കുന്നു

കൊല്ലം താലൂക്ക ആക്ടിംഗ് തഹശീൽദാരും ൨ാം ക്ലാസ്സു മജിസ്ത്രേട്ടുമായ കൃഷ്ണപിള്ള ബി. എ. ബി. എൽ. നെ തിരുവനന്തപുരം താലൂക്ക തഹശീൽദാരും ൨ാം ക്ലാസ്സു മജിസ്ത്രേട്ടുമായി കാര്യം വിചാരിക്കുന്നതിനു നിയമിച്ചിരിക്കുന്നു

സ്ഥലംമാററപ്പെട്ട മ. രാ. രാ. ശേഷയ്യങ്കാർ ബി. എ. ബി. എൽ. നു പകരം പത്മനാഭപുരം ഡിവിഷൻ ശിരസ്തദാർ കൃഷ്ണസ്വാമിരായർ ബി എ യെ പത്തനാപുരം താലൂക്ക തഹശീൽദാരായി ഒരു കൊല്ലത്തേക്ക പ്രൊബെഷനായിട്ട നിയമിച്ചിരിക്കുന്നു.

കൊട്ടാരക്കര താലൂക്ക തഹശീൽദാരും ൨ാം ക്ലാസ്സു മജിസ്ത്രേട്ടുമായ മ. രാ. രാ. കെ. രാമസ്വാമി അയ്യർ ബി. എ., ബി. എൽ. നെ കൊല്ലം താലൂക്ക തഹശീൽദാരും ൨ാം ക്ലാസ്സു മജിസ്ത്രേട്ടായിട്ടും ആയി സ്ഥലം മാററിയിരിക്കുന്നു.

പത്തനാപുരം താലൂക്ക തഹശീൽദാരും ൨ാം ക്ലാസ്സു മജിസ്ത്രേട്ടുമായ മ. രാ. രാ. ശേഷയ്യങ്കാർ ബി എ., ബി എൽ. നെ കൊട്ടാരക്കര താലൂക്ക തഹശീൽദാരും ൨ാം ക്ലാസ്സു മജിസ്ത്രേട്ടായിട്ടും സ്ഥലം മാററിയിരിക്കുന്നു.

Leave of Absence.

PUBLIC WORKS DEPARTMENT.

Mr. H. A. Minchin, Executive Engineer, 2nd grade, Kotayar Irrigation Project Division, is granted 15 days casual and 15 days compensation leave, in continuation thereof, with effect from $\frac{9-6-79}{22-1-04}$ forenoon.

REGISTRATION DEPARTMENT.

Kuruvila, District Registrar, Kottayam, casual leave for five days.

C. Sesha Aiyar, District Registrar, Trivandrum, privilege leave for 20 days.

Cheriyan B. A., Sub-Rogistrar, Kunnatnad, privilege leave for eleven days.

Namasivayam Pillai B. A., Sub-Registrar, Pattanapuram, privilege leave for 20 days.

Assumption of Charge.

M. R. Ry. V. I. Kesava Pillai Avergal M. A., appointed Huzur Dewan Peishcar, assumed charge of his duties on the 15th Kumbhom, 1079.

REVENUE AND MAGISTRACY.

M. R. Ry. P. Ramakrishna Aiyar Avl., B. A., Deputy Peishcar and District Magistrate, Trivandrum, assumed charge of his duties on 18th Kumbhom, 1079.

MAGISTRACY.

S. Narayana Aiyar B. A., appointed to be *sub pro tem.* 2nd Tahsildar and Oolsavamadam 2nd class Magistrate, Trivandrum, assumed charge of his duties on the 7th Kumbhom, 1079.

PUBLIC WORKS DEPARTMENT.

Mr. O. S. Barrow, Assistant Engineer, 1st grade, appointed temporarily to be in charge of the Kotayar Irrigation Project Division, assumed charge of the Division from the afternoon of $\frac{8-6-79}{21-1-04}$.

Resumption of Charge.

PUBLIC WORKS DEPARTMENT.

M. R. Ry. S. V. Krishnaswami Sastri, Manager, Chief Engineer's Office, Trivandrum, returned from leave and resumed charge of his duties on the afternoon of $\frac{7-7-79}{19-2-04}$.

അവധികൊടുത്ത വിവരം

കോതയാർ പ്രൊജക്ട് ഡിവിഷനിൽ ൨ാം ഗ്രേഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മിസ്റ്റർ എച്ച്. എ. മിഞ്ചിൻ ൯ൻ—൬—൭൯ൻ ക ൯ൻ൪—൧—൨൨ൻ കാലത്തു മുതൽ ൧൫ ദിവസത്തെ കാഷ്വൽ അവധിയും അതിനോടു തുടൎന്നു ൧൫ ദിവസത്തെ കാമ്പൻസേഷൻ അവധിയും അനുവദിച്ചിരിക്കുന്നു.

കോട്ടയം ഡിസ്ത്രിക്ട റജിസ്ത്രാർ കുരുവിള ൫ ദിവസത്തെ കാഷ്വൽ അവധി കൊടുത്തിരിക്കുന്നു.

തിരുവനന്തപുരം ഡിസ്ത്രിക്ട റജിസ്ത്രാർ സി ശെഷയ്യക്ക ൨൦ ദിവസത്തെ പ്രിവിലെജ് അവധി കൊടുത്തിരിക്കുന്നു.

കുന്നത്തുനാട സബ് റജിസ്ത്രാർ ചെറിയാൻ ബി ഏ-ക്ക ൧൧ ദിവസത്തെ പ്രിവിലെജ് അവധി കൊടുത്തിരിക്കുന്നു.

പത്തനാപുരം സബ് റജിസ്ത്രാർ നമശിവായംപിള്ള ബി ഏ-ക്ക ൨൦ ദിവസത്തെ പ്രിവിലെജ് അവധി കൊടുത്തിരിക്കുന്നു.

ചാൎജ ഏററ വിവരം

ഹജൂർ ദിവാൻ പെഷ്കാരായി നിയമിക്കപ്പെട്ടിരിക്കുന്ന മ. രാ. രാ. വി. ഐ. കെശവ പിള്ള എം. എ. അവൎകൾ ൧൦൭൯ കുംഭം ൧൫നു ജൊലിയിൽ പ്രവെശിച്ചിരിക്കുന്നു.

തിരുവനന്തപുരം ഡിവിഷൻ ഡിപ്ടിപെഷ്കാരും ഡിസ്ത്രിക്ട മജിസ്ത്രെട്ടുമായ മ രാ രാ. പി. രാമകൃഷ്ണയ്യർ ബി. എ അവൎകൾ ൧൦൭൯ കുംഭം ൧൮നു ചാൎജ്ജെററു ജൊലിയിൽ പ്രവെശിച്ചിരിക്കുന്നു.

തിരുവനന്തപുരം സബ് പ്രൊട്ടം രണ്ടാം തഹശീൽദാരും ഉത്സവമഠം രണ്ടാം ക്ലാസ മജിസ്ത്രെട്ടുമായി നിയമിക്കപ്പെട്ട എസ്. നാരായണയ്യൻ ബി എ. ൧൦൭൯ കുംഭം ൭നു ചാൎജ്ജെററു ജൊലിയിൽ പ്രവെശിച്ചിരിക്കുന്നു

തല്ക്കാലത്തെക്ക കോതയാർ ഡിവിഷൻ ചാൎജ്ജിൽ നിയമിക്കപ്പെട്ട ൧ാം ഗ്രെഡ് അസിസ്റ്റൻറു എഞ്ചിനീയർ മിസ്റ്റർ ഒ എസ്. ബാരൊ ൯ൻ—൬—൭൯ൻ ക ൯ൻ൪—൧—൨൧ൻ ഉച്ചക്ക ടി ഡിവിഷൻ ചാൎജ്ജെററു ജൊലിയിൽ പ്രവെശിച്ചിരിക്കുന്നു.

തിരിച്ചു ചാൎജെററ വിവരം,

തിരുവനന്തപുരം ചീഫ് എഞ്ചിനിയരാഫീസിൽ മാനെജർ മ. രാ. രാ എസ്. വി. കൃഷ്ണസ്വാമി ശാസ്ത്രി അവധി കഴിഞ്ഞു തിരിച്ചു വന്നു ൯ൻ-൭-൭൯ൻ ക ൯ൻ൪-൨-൧൯ൻ ഉച്ചതിരിഞ്ഞു ചാൎജ്ജെററു വീണ്ടും ജൊലിയിൽ പ്രവെശിച്ചിരിക്കുന്നു.

Cancelment of Leave.

PUBLIC WORKS DEPARTMENT.

The unavailed portion of 15 days' out of the 1½ months' privilege leave granted to M. R. Ry. S. V. Krishnaswami Sastri, Manager, Chief Engineer's Office, is cancelled at his own request.

Investiture of Powers.

Under section 11 of Regulation V of 1067, M. R. Ry. Raghavachariar B. A., appointed to act as Division Assistant, Trivandrum, is invested with the powers of a 1st class Magistrate, while so acting.

Under section 11 of Regulation V of 1067, Krishnaswamy Row, appointed Tahsildar, Pattanapuram Taluk, on probation, to be a 2nd class Magistrate during the period.

അവധി റദ്ദചെയ്ത വിവരം.

ചീഫ് എഞ്ചിനീയരാഫീസിൽ മാനേജർ മ. രാ. രാ. എസ്. വി. കൃഷ്ണസ്വാമി ശാസ്ത്രികൾ അനുവദിച്ചിട്ടുള്ള ഒന്നരമാസത്തെ പ്രിവിലെജ് അവധിയിൽ ഉപയോഗിക്കാത്ത ൧൫ ദിവസത്തെ അവധി അപേക്ഷപ്രകാരം റദ്ദ് ചെയ്യപ്പെട്ടിരിക്കുന്നു.

അധികാരം കൊടുത്ത വിവരം.

തിരുവനന്തപുരം ഡിവിഷൻ അസിസ്റ്റന്റ ഉദ്യോഗം വിചാരിക്കുന്നതിനു നിയമിക്കപ്പെട്ട മ. രാ. രാ. രാഘവാചാര്യർ ബി. ഏ.ക്ക ആ ഉദ്യോഗം വിചാരിക്കുന്ന കാലത്തേക്ക ൧൦൬൭-ാമാണ്ടത്തെ ൫-ാം റെഗുലെഷൻ ൧൧-ാം വകുപ്പിൻപ്രകാരം ഒരു ൧-ാം ക്ലാസ്സ മാജിസ്ട്രേട്ടിനുള്ള അധികാരം കൊടുത്തിരിക്കുന്നു.

പ്രൊബെഷനായി പത്തനാപുരം താലൂക്ക തഹശീൽദാരായി നിയമിക്കപ്പെട്ട കൃഷ്ണസ്വാമിരായക്ക ആ കാലത്തേക്ക ൧൦൬൭-ാമാണ്ടത്തെ ൫-ാം റെഗുലെഷൻ ൧൧-ാം വകുപ്പനുസരിച്ച ഒരു ൨-ാം ക്ലാസ്സ മാജിസ്ട്രേട്ടിനുള്ള അധികാരം കൊടുത്തിരിക്കുന്നു

NOTIFICATION.

In continuation of the notification published at page 868 of the Government Gazette dated 24th November, 1903 / 9th Karthigai, 1079, the undermentioned person has been exempted, with the sanction of His Highness the Maha Rajah, from personal attendance in Courts, under section 578 of Regulation II of 1065.

Name.	Place of residence.
Hajee Ismail Hajee Hussam Sait...	Alleppey.

Huzur Cutcherry on circuit,
Camp, Varkala,
4th March, 1904.

K KRISHNASWAMY RAG,
Dewan.

പരസ്യം

൧൯൦൩ നവംബർ ൨൪-ാം ൧൦൭൯ കാർത്തിക ൯-ാം ലെ ഗവൎമ്മെണ്ട ഗസെറ്റിൽ ൮൬൮-ാം പുറത്തിൽ പരസ്യപ്പെടുത്തിയിരുന്ന പരസ്യത്തിനു തുടർച്ചയായിട്ട ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ ൧൦൬൫-ാമാണ്ടത്തെ ൨-ാം റെഗുലെഷൻ ൫൭൮-ാം വകുപ്പനുസരിച്ച കൊടതിയിൽ ഹാജരാകുന്നതിൽ നിന്നും താഴെ വിവരിച്ചിട്ടുള്ള ആളിനെ കല്പന പ്രകാരം ഒഴിച്ചിരിക്കുന്നു.

പെര	വാസസ്ഥലം
ഹാജി ഇസ്മെയിൽ ഹാജി ഹുസ്സം സെട്ടു	ആലപ്പുഴ

ഹജൂർകച്ചേരി
ക്യാമ്പ വർക്കല ൧൦൭൯ കുംഭം ൨൨-

ദിവാൻ കെ. കൃഷ്ണസ്വാമിരായർ,
ദിവാൻ ബഹദൂർ, സി. ഐ. ഇ.

Customs Notification.

PERAVAGAY DEPARTMENT No. 259.

Under sanction of His Highness the Maha Rajah it is hereby notified that refunds will be made of the difference, as indicated below, between (a) the rates of additional duty actually charged on the different kinds of Dutch sugar imported into Travancore which were shipped from Holland or from ports of other countries, from the 1st September, 1902 to the 31st August, 1903 inclusive, and (b) the rates now ascertained to be chargeable thereon after making allowance for the maximum bounty paid by the Government of the Netherlands. Such refunds will be made to the importers concerned, that is to say, to the person by whom the duty was orginally paid, on application to the Dewan to whom evidence should be given (1) that the sugar was exported from Holland during the period mentioned above and (2) the rate and amount of duty paid:—

Kinds of sugar.	Rates of additional duty actually charged.		Rates now ascertained to be chargeable.		Difference to be refunded.		
	From the 1st September 1902 to the 5th December 1902.	From the 6th December 1902 to the 19th June 1903.	From the 20th June 1903 to the 31st August 1903.	From the 1st September 1902 to the 31st August 1903.	On sugar on which the rates in column 2 have been charged.	On sugar on which the rates in column 3 have been charged.	On sugar on which the rates in column 4 have been charged
1	2	3	4	5	6	7	8
	Per cwt. Rs. as. p.	Per cwt. Rs. as. p.	Per cwt. Rs. as. p.	Per cwt. Rs. as. p.	Per cwt. Rs. as. p.	Per cwt Rs. as. p.	Per cwt. Rs. as. p.
Raw sugar produced in Holland from beetroots.	0 14 0	0 11 9	1 1 9	1 1 9	Nil.	Nil.	Nil.
Sugar refined from beetroot raw sugar produced in Holland.	0 15 11	0 13 3	1 3 8	1 3 1	Nil.	Nil.	Nil.
Sugar refined from imported raw sugar.	0 1 11	0 1 6	0 1 11	0 1 4	0 0 7	0 0 2	0 0 7

Huzur Cutcherry,
Trivandrum,
12th February, 1904.

K. KRISHNASWAMY RAO,
Dewan.

കല്പനപ്രകാരം ഇതിനാൽ പരസ്യപ്പെടുത്തുന്നതെന്തെന്നാൽ

(എ) ഹാളണ്ടിൽ നിന്നൊ മററു രാജ്യങ്ങളിലെ തുറമുഖങ്ങളിൽ നിന്നൊ [illegible] സെപ്റ്റംബർ [illegible] മുതൽ [illegible] ആഗസ്റ്റ് [illegible] വരെ ([illegible] ഉൾപ്പടെ) കപ്പൽകയററി അയക്കപ്പെട്ടതും തിരുവിതാംകൊട്ട ഇറക്കുമതി ചെയ്യപ്പെട്ടതും ആയ പലമാതിരി ഡച്ചു പഞ്ചസാരയിന്മെൽ വാസ്തവത്തിൽ തിട്ടിച്ച കൂടുതൽ തീരുവയുടെ നിരക്കുകൾക്കും,

(ബി) നെതർലണ്ട് ഗവൎമ്മെണ്ടിനാൽ കൊടുക്കപ്പെടുന്ന ഏററവും കൂടുതലായ ബൌണ്ടിയെ പൎയ്യാലൊചിച്ചു അവയ്ക്കു തിട്ടിക്കെണ്ടതാണെന്നു ഇപ്പൊൾ നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾക്കും തമ്മിലുള്ള വ്യത്യാസത്തുകയിൽനിന്നു താഴെ കാണിച്ചിട്ടുള്ള വിധപ്രകാരം തിരിയെ കൊടുക്കുന്നതാകുന്നു. ആദ്യം തീരുവ ആർ കൊടുത്തുവൊ അവർ മെൽ പറഞ്ഞ കാലത്തിനുള്ളിൽ ആ പഞ്ചസാര ഹാളണ്ടിൽ നിന്നു കയററുമതി ചെയ്യപ്പെട്ടുവെന്നും അതിന്നു കൊടുത്ത തീരുവ ഇന്ന നിരക്കനുസരിച്ചെന്നും ഇത്രയാണെന്നും ഉള്ള വിവരത്തിനു തെളിവു കാണിച്ചു ദിവാനൊടു അപെക്ഷിക്കുന്നപക്ഷം അവൎക്കു അപ്രകാരമുള്ള സംഖ്യ തിരിയെ കൊടുക്കുന്നതാകുന്നു.

ദിവാൻ കെ കൃഷ്ണസ്വാമിരായർ,
ദിവാൻ ബഹദൂർ, സി. ഐ. ഇ.

പഞ്ചസാരയുടെ തരം	വാസ്തവത്തിൽ തിട്ടിച്ച കൂടുതൽ തീരുവ നിരക്കുകൾ		തിട്ടിക്കെണ്ടതാണെന്നു ഇപ്പൊൾ നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ		തിരിയെ കൊടുക്കാനുള്ള വ്യത്യാസത്തുക		
	[illegible] സെപ്റ്റംബർ [illegible] മുതൽ [illegible] സെപ്റ്റംബർ [illegible] വരെ	[illegible] ഡിസംബർ [illegible] മുതൽ [illegible] വരെ	[illegible] ജൂൺ [illegible] മുതൽ [illegible] ആഗസ്റ്റ് [illegible] വരെ	[illegible] സെപ്റ്റംബർ [illegible] മുതൽ [illegible] ആഗസ്റ്റ് [illegible] വരെ	[illegible]-ാം കാലത്തിലെ നിരക്കിൻപ്രകാരം തിട്ടിക്കേണ്ട പഞ്ചസാരത്തീരുവ	[illegible]-ാം കാലത്തിലെ നിരക്കിൻപ്രകാരം തിട്ടിക്കേണ്ട പഞ്ചസാരത്തീരുവ	[illegible]-ാം കാലത്തിലെ നിരക്കിൻപ്രകാരം തിട്ടിക്കേണ്ട പഞ്ചസാരത്തീരുവ
൧	൨	൩	൪	൫	൬	൭	൮
	ഹന്ത്രെഡ്വെയററ് ഒന്നിനു						
	രൂ. അ. പൈ.	രൂ. അ. പൈ.	രൂ. അ. പൈ.	രൂ. അ. പൈ.	രൂ. അ. പൈ.	രൂ. അ. പൈ.	രൂ. അ. പൈ.
ഹാളണ്ടിൽ ബീററുകിഴങ്ങിൽനിന്നുണ്ടാക്കുന്ന മെനിവരുത്താത്ത പഞ്ചസാര	0 [illegible] 0	0 [illegible] [illegible]	[illegible] [illegible] [illegible]	[illegible] [illegible] [illegible]	ഇല്ല	ഇല്ല	ഇല്ല
ഹാളണ്ടിൽ ബീററുകിഴങ്ങിൽനിന്നുണ്ടാക്കുന്ന പഞ്ചസാരയിൽനിന്നുണ്ടാക്കുന്ന മെനിവരുത്തിയ പഞ്ചസാര	0 [illegible] [illegible]	0 [illegible] [illegible]	[illegible] [illegible] [illegible]	[illegible] [illegible] [illegible]	ഇല്ല	ഇല്ല	ഇല്ല
ഇറക്കുമതി ചെയ്യപ്പെട്ട മെനിവരുത്താത്ത പഞ്ചസാരയിൽനിന്നുണ്ടാക്കുന്ന മെനിവരുത്തിയ പഞ്ചസാര	0 [illegible] [illegible]	0 [illegible] [illegible]	0 [illegible] [illegible]	0 [illegible] [illegible]	0 0 [illegible]	0 0 [illegible]	0 0 [illegible]

Customs Notification.

PERAVAGAY DEPARTMENT No. 276.

It is hereby notified for general information that His Highness the Maha Rajah has been pleased to remit the additional or special duty leviable in respect of sugar produced in any country which is a party to the Brussels Sugar Convention of 1902,

Provided that the sugar is imported into Travancore

(a) direct from the country of production or

(b) through another country which is also a party to the said Convention, without having been transhipped at, or unloaded in, or carried through, any country which is not a party to the said Convention; and is, in either case, accompanied by a certificate in such form and signed by such authorities as may by rule be prescribed, certifying that it was produced after the 31st day of August 1903, and that it has not received, and is not entitled to receive, any bounty, direct or indirect, on production or as a result of exportation.

Huzur Cutcherry,
Trivandrum,
13th February, 1904.

K. KRISHNASWAMY RAO,
Dewan.

ഇതിനാൽ സകല ജനങ്ങളും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ

൧൯൦൨-ാംവൎഷത്തിൽ ബ്രസൽസ് പഞ്ചസാര ആലോചനയോഗത്തിൽ അംഗമായ ഒരു രാജ്യത്തിൽ ഉണ്ടാക്കപ്പെട്ട പഞ്ചസാരയെ സംബന്ധിച്ചു ചുമത്തേണ്ടതായ കൂടുതൽ തീരുവയെയൊ വിശേഷാൽ തീരുവയെയൊ കല്പിച്ചു സന്തോഷ പുരസ്സരം റദ്ദ് ചെയ്തിരിക്കുന്നു.

എന്നാൽ ആ പഞ്ചസാര തിരുവിതാംകൂറിൽ ഇറക്കുമതി ചെയ്യപ്പെടുന്നതു

(എ) ഉണ്ടാക്കിയ രാജ്യത്തുനിന്നു നേരിട്ടു കൊണ്ടുവന്നതൊ.

(ബി) മേല്പറഞ്ഞ യോഗത്തിലെ അംഗമായ മറ്റൊരു രാജ്യത്തുകൂടി വരുന്നതായാൽ ആ യോഗത്തിലെ അംഗമല്ലാത്ത വല്ല രാജ്യത്തിലും കപ്പൽ മാറ്റി കയറ്റിയതൊ ഇറക്കിയതൊ കൂടി കൊണ്ടുവന്നതൊ അല്ലാത്തതു ആയിരിക്കണം.

ഈ രണ്ടു സംഗതിയിലും ചട്ടത്താൽ വിധിക്കപ്പെടുന്ന മാതിരിയിൽ എഴുതിയതും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പിട്ടതും ആയ സൎട്ടിഫിക്കെറ്റു കൂടിയുണ്ടായിരിക്കേണ്ടതാകുന്നു. ആ സൎട്ടിഫിക്കെറ്റിൽ ആ പഞ്ചസാര ൧൯൦൩ ആഗസ്റ്റ് മാസം ൩൧-ാംനു പിന്നീടു ഉണ്ടാക്കപ്പെട്ടതാണെന്നും ഉണ്ടാക്കിയപ്പോഴും അതിനെ കയറ്റുമതി ചെയ്തതുകൊണ്ടാകട്ടെ നേരിട്ടോ നേരിട്ടല്ലാതെയോ അതിലേക്കു വല്ല ബൌണ്ടിയും വാങ്ങിച്ചിട്ടില്ലെന്നും വാങ്ങിക്കുന്നതിനു അൎഹതയില്ലെന്നും വിവരിച്ചിരിക്കണം.

ദിവാൻ കെ. കൃഷ്ണസ്വാമിരായരു
ദിവാൻ ബഹദൂർ സി. ഐ. ഇ

Customs Notification.

PERAVAGAY DEPARTMENT No. 300.

It is hereby notified for general information that the bringing by sea or land into Travancore of any copy of Arabic books, leaflets or pamphlets published by Abdul Mohamed bin Abdul Allah, is prohibited.

Huzur Cutcherry,
Trivandrum,
18th February, 1904.

K. KRISHNASWAMY RAO,
Dewan.

പരസ്യം.

ഇതിനാൽ സകല ജനങ്ങളും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ അബ്ദുൽ മഹമ്മത് ബിൻ അബ്ദുൽ അള്ള പ്രസിദ്ധപ്പെടുത്തുന്ന അറബിക്ക് ഭാഷയിലുള്ള പുസ്തകങ്ങളാകട്ടെ, ലീഫ്ലെറ്റുകളാകട്ടെ, പാംഫ്ലെറ്റുകളാകട്ടെ കടൽവഴിയായൊ കരവഴിയായൊ തിരുവിതാംകോട്ടേക്കു കൊണ്ടുവരരുതെന്നു വിരോധിച്ചിരിക്കുന്നു.

ഹജൂർക്കച്ചേരി
തിരുവനന്തപുരം
൧൯൦൪ ഫെബ്രുവരി ൧൮൹

ദിവാൻ കെ. കൃഷ്ണസ്വാമിരായർ
ദിവാൻ ബഹദൂർ സി. ഐ. ഇ

Customs Notification.

PERAVAGAY DEPARTMENT No. 260.

It is hereby notified that His Highness the Maha Rajah has been pleased to exempt from the import duty leviable thereon under item No. 41 "General Duties" of the Tariff notification No. P. D. 135 dated the 28th January 1904, all Military band instruments (other than stringed instruments), and such accessories thereto as are specified in the annexed list, when such instruments or accessories are imported by a regiment of His Majesty's regular forces in India and of His Highness the Maha Rajah's Nair Brigade and certified by the officer commanding the regiment to be for the *bona fide* exclusive use of the regimental band.

List of Accessories.

Silver buckles for drums.
Silver buttons for drums.
Green broadcloth for drums.
Green silk ribbon for drums.
Ropes for drums.
Bags for bagpipes.
Cord for bagpipes.
Drones for bagpipes.
Ribbons for bagpipes.
Pipe tassels for bagpipes.
Cardholders.
Carriages (brown or black).
Crooks.
Cases (leather or wooden).
Fingertops.
Mouthpieces and caps therefor.
Reeds.
Springs.
Snares.
Valve tops and needles.

Huzur Cutcherry,
Trivandrum,
12th February, 1904.

K. KRISHNASWAMY RAO,
Dewan.

ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ

സ്ട്രിങ്ങ്ഡ് ഇൻസ്ട്രുമെൻറ്സ് അല്ലാതെയുള്ള എല്ലാ മിലിട്ടറിബാൻഡ് വാദ്യങ്ങളും ഇതിനോടുകൂടി ചേൎത്തിരിക്കുന്ന ലിസ്റ്റിൽ കാണിച്ചിട്ടുള്ളവയോടു ചേൎന്ന സാമഗ്രികളും മഹാരാജാ അവർകളുടെ ഇന്ത്യയിലുള്ള പട്ടാളത്തിലെ ഒരു റെജിമെൻറാ മലയാം പട്ടാളത്തിലെ ഒരു റെജിമെൻറാ അവ റെജിമെൻറു ബാൻഡിൻെറ ഉപയോഗത്തിനു മാത്രമായിട്ടാണെന്നു ഉത്തമവിശ്വാസമായി റെജിമെൻറിലെ മേലാവായ ഉദ്യോഗസ്ഥൻ സാക്ഷിപ്പെടുത്തി ഇറക്കുമതിചെയ്യപ്പെടുമ്പോൾ അവയെ ൧൯൦൪-ാം വൎഷം ഫിബ്രവരിമാസം ൨൮൹ലെ P. D. ൧൩൫-ാം നമ്പർ താരിപ്പു പരസ്യത്തിലെ 'സാധാരണതീരുവകൾ' എന്ന ഇനത്തിൽ ൪൧-ാം നമ്പരിനു തീൎപ്പിക്കപ്പെട്ടതായ ഇറക്കുമതിത്തീരുവയിൽനിന്നു കല്പിച്ചു ഒഴിച്ചിരിക്കുന്നു.

വാദ്യങ്ങളോടുചേൎന്ന സാമഗ്രികളുടെ വിവരം.

ഡ്രമ്മിനുള്ള വെള്ളി ബക്കിളുകൾ.
ഡ്രമ്മിനുള്ള വെള്ളി ബട്ടൻസ്.
ഡ്രമ്മിനുള്ള ഗ്രീൻ ബ്രാഡ് ക്ലാത്ത്.
ഡ്രമ്മിനുള്ള പച്ച പട്ടു റിബ്ബൺ.
ഡ്രമ്മിനുള്ള കയറുകൾ.
ബാഗ്പൈപ്പിനുള്ള സഞ്ചികൾ.
ബാഗ്പൈപ്പിനുള്ള ചരടുകൾ.
ബാഗ്പൈപ്പിനുള്ള ഡ്രോണുകൾ.
ബാഗ്പൈപ്പിനുള്ള റിബ്ബൺ.
ബാഗ്പൈപ്പിനുള്ള പൈപ്പ്ടാസൽ
കാൎഡ്ഹോൾഡർ.
കാരിയേജ് (തവിട്ടുനിറമോ കറുപ്പോ)
ക്രൂക്കുകൾ.
കേസ്സുകൾ (തോൽകൊണ്ടോ മരംകൊണ്ടോ)
ഫിംഗർ ടാപ്പുകൾ.
ഇവകളുള്ള മൌത്ത് പീസുകളും കാപ്പുകളും.
റീഡുകൾ.
സ്പ്രിങ്ങുകൾ.
സ്നേറുകൾ
വാൽവ്ടാപ്പുകളും സൂചികളും.

ദിവാൻ കെ. കൃഷ്ണസ്വാമിരായരു
ദിവാൻ ബഹദൂർ സി. ഐ. ഇ.

തിരുവിതാംകോട്ടു സക്കാർ വക രക്ഷാഭോഗ ഏപ്പാടിനെപ്പററി താഴെ എഴുതിയിരിക്കുന്ന ഭേദപ്പെടുത്തിയ ചട്ടങ്ങൾ ൧൯൦൪-ാം വഷം ജാനുവരി മാസം ൩൦-ാംനു- കല്പനപ്രകാരം നടപ്പാക്കിയിരിക്കുന്നു.

സക്കാർ വക രക്ഷാഭോഗ ഏപ്പാടിനെപ്പററിയുള്ള ഭേദപ്പെടുത്തിയ ചട്ടങ്ങൾ.

൧. ഈ ചട്ടങ്ങളിൽ,

(എ) "അപേക്ഷക്കാരൻ" എന്നുവച്ചാൽ തന്റെ ജീവസ്ഥിതിയെ രക്ഷിക്കുന്നതിനായിട്ടു ഏപ്പാടു ചെയ്യപ്പെടുന്നവൊ ആ ആൾ എന്നൎത്ഥമാകുന്നു.

(ബി) "രക്ഷാഭോഗി" എന്നുവച്ചാൽ ഈ ചട്ടങ്ങൾ അനുസരിച്ചു രക്ഷാഭോഗ ഏപ്പാട്ടിൽ ചേൎന്നു തന്റെ ജീവസ്ഥിതിയെ രക്ഷിച്ചിട്ടുള്ള ആൾ എന്നൎത്ഥമാകുന്നു.

(സി) "രക്ഷാഭോഗ ഉടമ്പടി" എന്നുവച്ചാൽ രക്ഷാഭോഗിയാൽ കൊടുക്കപ്പെടുന്ന നഷ്ടോത്തരവാദങ്ങൾക്കു പ്രതിഫലമായി ഈ ചട്ടങ്ങൾ അനുസരിച്ചു ഗുണഫലങ്ങൾ കൊടുക്കുന്നതാണെന്നുള്ള ഉടമ്പടി അടങ്ങിയിരിക്കുന്ന ഒരു ലൈഖാമൂലമായ കരണം എന്നൎത്ഥമാകുന്നു.

(ഡി) "ശമ്പളം" എന്നുവച്ചാൽ ഈ ഗവൎമ്മെണ്ടിന്റെ ജീവനത്തിൽ ഒരാൾ വഹിച്ചു വരുന്നതും ഇപ്പോൾ നടപ്പിലുള്ളതൊ ഇനിമേൽ നടപ്പിലാവുന്നതൊ ആയ വല്ല ചട്ടങ്ങളും അനുസരിച്ചു അയാൾക്കു അടുത്തുണ്ടിനു അവകാശമുള്ളതും കൊടുക്കുന്നതുമായ വല്ല സ്ഥിരമായ ജീവനത്തിന്നായി അയാൾക്കു കൊടുക്കപ്പെടുന്ന പ്രതിഫലം എന്നൎത്ഥമാകുന്നു. എന്നാൽ ഈ പ്രതിഫലത്തിൽ വല്ല ജീവനക്കാരനും ആ വിധ ജീവനത്തെ സംബന്ധിച്ചു കിട്ടുന്ന വല്ല ഫീസും ഉൾപ്പെടുന്നതല്ല.

(ഇ) "നഷ്ടോത്തരവാദങ്ങൾ" എന്നുവച്ചാൽ വല്ല രക്ഷാഭോഗ ഉടമ്പടിക്കായി അവണൊതൊറും കൊടുക്കപ്പെടുന്ന പണം എന്നൎത്ഥമാകുന്നു.

൨. (എ) ൧൦൭൯-മാണ്ട് മകരം ൧-നു-ക്കു മുമ്പു തന്നെ സ്ഥിരപ്പെട്ടവരും ഉള്ള എല്ലാ സക്കാർ ജീവനക്കാരും ഈ ചട്ടങ്ങൾ അനുസരിച്ചു അവരുടെ ജീവസ്ഥിതിയുടെ രക്ഷണത്തിനുള്ള ഈ രക്ഷാഭോഗ ഏപ്പാട്ടിൽ ചേരാവുന്നതാകുന്നു.

(ബി) ൧൦൭൯-മാണ്ട് മകരം ൧-നു-യൊ അതിൽ പിന്നെയൊ ജീവനത്തിൽ സ്ഥിരപ്പെട്ടവനായി നിയമിക്കപ്പെട്ട എല്ലാ ആളുകളും ദേഹസ്ഥിതി പരിശോധനയിൽ രക്ഷാഭോഗത്തിനു യോഗ്യന്മാരല്ലെന്നു വിധിക്കപ്പെടാത്തപക്ഷം ഈ ചട്ടങ്ങൾ അനുസരിച്ചു രക്ഷാഭോഗ ഏപ്പാടിൽ ചേരേണ്ടതാകുന്നു.

എന്നാൽ സക്കാർ ജീവനക്കാരന്റെ വയസ്സു ൪൫-ൽ കൂടിയിരിക്കുകയൊ ശമ്പളം പത്തു രൂപായിൽ കുറഞ്ഞിരിക്കുകയൊ ചെയ്യരുതു.

എന്നുതന്നെയുമല്ല, പത്തു രൂപായിൽ കുറഞ്ഞ ശമ്പളമുള്ള വല്ലവൎക്കും ൪൫ വയസ്സു തികയുന്നതിനു മുമ്പെ പത്തു രൂപാ ശമ്പളം കിട്ടുന്നതായാൽ ഉടൻ തന്നെ അയാൾ ഈ ചട്ടം (എ) ഖണ്ഡത്തിൽ ഉൾപ്പെടുന്ന ആളായിരുന്നാൽ ഈ രക്ഷാഭോഗ ഉടമ്പടിയിൽ ചേരാവുന്നതും (ബി) ഖണ്ഡത്തിൽ ഉൾപ്പെടുന്ന ആളായിരുന്നാൽ ഇതിൽ ചേരേണ്ടതുമാകുന്നു.

൩. രക്ഷാഭോഗിയുടെ ശമ്പളത്തിൽ നൂററിനു അഞ്ചു വീതം ഭാഗം മാസംതോറും നഷ്ടോത്തരവാദങ്ങളായി ഈ സക്കാർ ഗവൎമ്മെണ്ടിലേക്കു മുതൽക്കൂട്ടുന്നതാകുന്നു. രക്ഷാഭോഗിക്കു ൫൫ വയസ്സു തികയുന്നതു വരെയൊ അല്ലെങ്കിൽ അതിനു മുമ്പു അയാൾ മരിക്കുന്നതായാൽ അയാളുടെ മരണം വരെയൊ അങ്ങിനെ മുതൽക്കൂട്ടുന്നതാണ്. ഇതിനു പ്രതിഫലമായി ഈ ചട്ടങ്ങളോടു ചേൎത്തിരിക്കുന്ന പട്ടിക അനുസരിച്ചു ഒരു ഗുണഫലങ്ങൾ രക്ഷാഭോഗി മരിച്ചതിന്റെശേഷം അയാളുടെ ന്യായാനുസൃതമായ പ്രതിനിധിക്കൊ അവകാശിക്കൊ സക്കാർ ഖജനാവിൽ നിന്നു കൊടുക്കേണ്ടതായിരിക്കുന്നതാകുന്നു. മാസംതോറുമുള്ള നഷ്ടോത്തരവാദങ്ങളെ കണക്കു കൂട്ടുന്നതിനു നാലു അണയുടെ ഗുണകങ്ങൾ ഒഴിച്ചുള്ള രൂപായുടെ അംശങ്ങളെ തള്ളിക്കളയുന്നതാകുന്നു.

൪. അപേക്ഷക്കാരന്റെ കഴിഞ്ഞ ജന്മനാളിൽ പൂൎത്തിയായ വയസ്സിനെ അയാളുടെ വയസ്സായി ഗണിക്കുന്നതാകുന്നു.

൫. ഒരു രക്ഷാഭോഗിക്കു സ്ഥിരമായ ശമ്പളക്കൂടുതൽ കിട്ടുമ്പോഴെല്ലാം അയാളുടെ ശമ്പളത്തിൽ നിന്നു നഷ്ടോത്തരവാദങ്ങളായി ഉണ്ടാകാവുന്ന കൂടുതൽ അംശത്തിനു ശരിയായ കൂടുതൽ ഗുണഫലങ്ങൾക്കായി വീണ്ടും രക്ഷാഭോഗ ഉടമ്പടി ചെയ്യേണ്ടതാണ്.

൬. ൫൫ വയസ്സ തികയുന്നതിനു മുമ്പു ഒരു രക്ഷാഭോഗി ഗവർമ്മെണ്ടു ജീവനക്കാരനായിരിക്കുന്നതു നിന്നൊഴിയുന്നപക്ഷം തന്റെ രക്ഷാഭോഗ ഉടമ്പടിപ്രകാരം തീരുന്നതുവരെ ആ ഉടമ്പടിക്കു ചെല്ലുവാനുള്ള നഷ്ടോത്തരവാദങ്ങൾ അയാൾ കൊടുത്തുകൊണ്ടിരിക്കയോ കൊടുക്കാതെ നിറുത്തുകയോ ചെയ്യാം. നിറുത്തിവയ്ക്കുന്നപക്ഷം കൊടുത്തിട്ടുള്ള നഷ്ടോത്തരവാദങ്ങൾക്കനുരൂപമായ ഗുണഫലത്തിനു രക്ഷാഭോഗിയുടെ മരണാനന്തരം അയാളുടെ പ്രതിനിധികൾ അർഹരായിരിക്കുന്നതാണ്. എന്നാൽ ഗവർമ്മെണ്ടു സർവീസിൽ വീണ്ടും നിയമിക്കപ്പെടാൻ പാടില്ലാത്തവിധത്തിൽ പിരിയുന്ന ജീവനക്കാരുടെ ലിസ്റ്റിൽ ഉൾപ്പെട്ടതിനെ ഗവർമ്മെണ്ടിൽ നിന്നു ഉത്തരവു കൊടുക്കപ്പെട്ടിട്ടുള്ളവരും വേലയിൽ നിന്നും തീരെ നീക്കപ്പെട്ടിരിക്കുന്നവരും ആയ ജീവനക്കാർക്ക നഷ്ടോത്തരവാദങ്ങളെ പിന്നീടും മുമ്പും പോലെ കൊടുത്തുകൊണ്ടിരിക്കുന്നതിനുള്ള അർഹതയില്ലാത്തതാകുന്നു.

൭. ഒരു രക്ഷാഭോഗിയെ വല്ല കാരണവശാലും കുറഞ്ഞ ശമ്പളമുള്ള വേലയിൽ ആക്കുന്നതായാൽ അയാളുടെ രക്ഷാഭോഗ ഉടമ്പടിക്കുള്ള നഷ്ടോത്തരവാദങ്ങൾ മുഴുവനും കൊടുത്തുകൊണ്ടിരിക്കയോ അപ്രകാരമുള്ള നഷ്ടോത്തരവാദങ്ങളും തന്റെ കുറച്ചിട്ടുള്ള ശമ്പളക്രമത്തിനുള്ള നഷ്ടോത്തരവാദങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളെ കൊടുക്കാതെയിരിക്കയോ ചെയ്യാം. ഈ വ്യത്യാസങ്ങൾ കൊടുക്കാത്തപക്ഷം മുമ്പിലത്തെ വകുപ്പിൽ വിവരിച്ചിട്ടുള്ളതുപോലെ അതിനു അനുരൂപമായി കുറച്ച തുകയെ അയാളുടെ മരണാനന്തരം ഗുണഫലമായി കൊടുക്കുന്നതുമാണ്.

൮. സർക്കാർ വക രക്ഷാഭോഗ ഏർപ്പാടിനെ ദിവാൻ ചീഫ് സിക്രിട്ടരി, സിക്രിട്ടരിയേട്ടിലുള്ള ഒരു അസിസ്റ്റാണ്ടിന്റെ സഹായത്തോടുകൂടി ഭരിക്കുന്നതാകുന്നു.

ഇതിൽ ഉൾപ്പെട്ട കണക്ക സംബന്ധമായ ജോലി ഹജൂർ ജമാബന്തി കണക്ക ഡിപ്പാർട്ടുമെന്റിൽ നടത്തപ്പെടുന്നതാകുന്നു

൯. ജോലികൾ നടത്തുന്നതിനു ആവശ്യമെന്നു തോന്നാവുന്നതായ ചില്ലറ ചട്ടങ്ങൾ ദിവാൻ ചീഫ് സിക്രിട്ടരി ദിവാന്റെ അനുവാദത്തോടുകൂടി ഉണ്ടാക്കാവുന്നതാകുന്നു.

ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സംഗതികളെയും ഇപ്പോൾ ഉള്ള ചട്ടങ്ങളുടെ വ്യാഖ്യാനത്തെ സംബന്ധിച്ചുള്ള സകല സംശയങ്ങളെയും ചീഫ് സിക്രിട്ടരി ദിവാനെ ബോധിപ്പിച്ചു ഉത്തരവു വാങ്ങിച്ചു കൊള്ളേണ്ടതാകുന്നു.

൧൦. സർക്കാർ വക രക്ഷാഭോഗം സംബന്ധിച്ച സകല വരവു ചിലവിനും പ്രത്യേകം ഒരു ഇനമായി കണക്കുവച്ചു ഈ കണക്ക അനുസരിച്ചുള്ള പണത്തെ ഓരോ മാസത്തിന്റെയും അവസാനത്തിൽ ഗവർമ്മെണ്ടിനു യുക്തമെന്നു തോന്നുന്ന വിധത്തിൽ ഒരു മുതലാക്കി വിനിയോഗിക്കേണ്ടതാകുന്നു.

൧൧. ഗവർമ്മെണ്ടിനാൽ തിരിഞ്ഞെടുക്കപ്പെടുന്ന രണ്ടു കണക്കന്മാരെക്കൊണ്ടു അടുത്ത ചിങ്ങമാസം അവസാനിക്കുന്നതിനു മുമ്പു ഈ വക പണത്തിന്റെ ഓരോ ആണ്ടിലെയും കണക്കുകൾ പരിശോധിപ്പിച്ചു അപ്പഴപ്പോൾ ഗവർമ്മെണ്ടിൽ നിന്നു നിശ്ചയിക്കുന്ന ഇൻവെസ്റ്റുമെന്റുകളോടുകൂടി കഴിഞ്ഞ ആണ്ടിൽ ഈ മുതലിന്റെ സ്ഥിതി ഇന്ന വിധത്തിലിരുന്നു എന്നും മാറ്റം വിവരിച്ചു കന്നിമാസം അവസാനിക്കുന്നതിനു മുമ്പു ആ കണക്കന്മാർ ഒരു റിപ്പോർട്ട് തയ്യാറാക്കി ഗവർമ്മെണ്ടിലേക്ക അയക്കേണ്ടതാകുന്നു.

൧൨. ഈ ചട്ടങ്ങൾ അനുസരിച്ചു രക്ഷാഭോഗ ഉടമ്പടിയിൽ ചേരണമെന്നു മനസ്സുള്ള സർക്കാർ ജീവനക്കാരനു ഒന്നാം നമ്പർ ഫാറത്തിൽ ഒരു അപേക്ഷ കഴിയുമ്പോൾ ഒപ്പും തന്റെ കയ്യക്ഷരത്തിൽ തന്നെ എഴുതി തന്റെ നേരെ മേലധികാരിയുടെയോ ഒരു മാജിസ്ട്രേട്ടിന്റെയോ മുമ്പാകെ വച്ചു ഒപ്പിടുകയും വേണം. ആ മേലധികാരിയോ മജിസ്ട്രേട്ടോ അപേക്ഷക്കാരന്റെ അപേക്ഷ വായിച്ചു എന്നും അതിനെ വിവരമായി അപേക്ഷക്കാരനു പറഞ്ഞു കൊടുത്തുവെന്നും അപേക്ഷക്കാരൻ തന്റെ മുമ്പാകെ വച്ചുതന്നെയാണ് ഫാറം ഒപ്പിട്ടിരിക്കുന്നതു എന്നും ഉള്ള വിവരത്തിനു സർട്ടിഫിക്കേറ്റിനെ ഒപ്പിട്ടു ചീഫ് സിക്രിട്ടരിക്കു മുദ്രവച്ച കൂട്ടിൽ അടച്ചു അയക്കേണ്ടതാകുന്നു.

൧൩. അപേക്ഷയെ വായിച്ചു നോക്കിയതിന്റെ ശേഷം അപേക്ഷക്കാരനെ പരിശോധിച്ചു അയാളുടെ ദേഹസ്ഥിതിയെയും വയസ്സിനെയും അപേക്ഷയോടു ചേർത്തിരിക്കുന്ന സർട്ടിഫിക്കേറ്റിൽ വെളിപ്പെടുത്തണമെന്നു വിവരിച്ചു ഇതിലേക്കായി ഗവർമ്മെണ്ടിൽ നിന്നു നിയമിക്കപ്പെടാവുന്ന മെഡിക്കൽ ആഫീസർക്കു ആ അപേക്ഷയെ ചീഫ് സിക്രിട്ടരി അയക്കുന്നതാണ്.

ഈ വകുപ്പിന്റെ ഒടുവിലത്തെ ഖണ്ഡത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന ദേഹസ്ഥിതി പരിശോധനയെ ഏതെങ്കിലും സംഗതിയിൽ ഗവർമ്മെണ്ടിൽനിന്നു വേണ്ടെന്നാക്കുകയും യോഗ്യ-

ന്നായ ഒരു മെഡിക്കൽ ആഫീസരുടെ പക്കൽ നിന്നു അപേക്ഷക്കാരൻ മെഡിക്കൽ സർട്ടിഫിക്കെറ്റു വാങ്ങി ഹാജരാക്കിയാൽ അതിനെ സ്വീകരിക്കുന്നുള്ള മതിയെന്നു വെക്കുകയും ചെയ്യാം.

൧൫. മെഡിക്കൽ ആഫീസർ അപേക്ഷക്കാരനെ പരിശോധിച്ചു അപേക്ഷയുടെ പുറത്തു തന്റെ അഭിപ്രായത്തെ എഴുതുകയും അതിൽ വിവരിച്ചിരിക്കുന്ന മൊഴികൾ അപേക്ഷക്കാരന്റെ ഒപ്പു വാങ്ങിയതിന്റെ ശേഷം അപേക്ഷയെ മുദ്ര വച്ചു കൂട്ടിനകത്തു അടച്ചു നേരിട്ടു ഡർബാർഫിസിഷ്യന്നു അയക്കയും ചെയ്യേണ്ടതാകുന്നു.

൧൬. അപേക്ഷയെയും മെഡിക്കൽ റിപ്പോർട്ടിനെയും ഡർബാർഫിസിഷ്യൻ പരിശോധിക്കയും തന്റെ അഭിപ്രായത്തോടു കൂടി ചീഫ് സിക്രിട്ടറിക്കയക്കയും ചെയ്യണം. ആ അഭിപ്രായം അവസാനമായിരിക്കുന്നതാകുന്നു. ഡർബാർഫിസിഷ്യൻ തന്റെ അവസാനമായ അഭിപ്രായം പറയും മുമ്പെ വല്ല അപേക്ഷക്കാരനെയും പരീക്ഷിക്കുന്നതായി ഒരു മെഡിക്കൽ ബോർഡിന്റെ യോഗം കൂട്ടുന്നു ആവശ്യം എന്നു വിചാരിക്കുന്ന പക്ഷം അങ്ങനെ യോഗം കൂട്ടിക്കാം. മെഡിക്കൽ ബോർഡിന്റെ യോഗം കൂട്ടുന്ന സംഗതികളിലെല്ലാം ഭൂരിപക്ഷക്കാരുടെ അഭിപ്രായം അവസാനമായിരിക്കും. സാമാജികന്മാർ അഭിപ്രായത്തിൽ തുല്യമായി വിഭാഗിക്കുന്നവരായിരുന്നാൽ ഡർബാർഫിസിഷ്യൻ ഏതു പക്ഷത്തിൽ ചേരുന്നുവോ ആ പക്ഷം പ്രബലമായിരിക്കും. ഡർബാർഫിസിഷ്യൻ തന്റെ കീഴ് ജീവനക്കാർ അപേക്ഷക്കാരെ പരീക്ഷിക്കുന്നതിലും അവരുടെ റിപ്പോർട്ടുകൾ അയക്കുന്നതിലും അനാവശ്യമായ താമസം വരുത്താതെയിരിക്കുന്നതിനു നോക്കിക്കൊള്ളേണ്ടതാകുന്നു.

അപേക്ഷക്കാരനെ രക്ഷാഭോഗ ഉടമ്പടി ഏർപ്പാടിൽ ചേർക്കുന്നു ഇപ്രകാരം തീരുമാനിക്കപ്പെടുന്നതായാൽ ദിവാൻ ചീഫ് സിക്രിട്ടറി മൂന്നാം നമ്പർ ഫാറം അനുസരിച്ചു ഒരു രക്ഷാഭോഗ ഉടമ്പടി അയാളുടെ പേർക്കു കൊടുക്കുകയും അപേക്ഷക്കാരന്റെ അടുത്ത മേലധികാരി മുഖാന്തരം അപേക്ഷ സ്വീകരിച്ചിരിക്കുന്നു എന്നു അപേക്ഷക്കാരനെ തെരിയപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു. ഒരു അപേക്ഷ പൂർണ്ണമായി സ്വീകരിക്കത്തക്കതല്ലെന്നു വരികിൽ അപേക്ഷക്കാരന്റെ വയസ്സിനെ ഡർബാർഫിസിഷ്യൻ അഭിപ്രായപ്പെടുന്നതായ സംവത്സരങ്ങളോടു കൂടി കൂട്ടിയാൽ ഉണ്ടാകുന്നതായി ഗണിക്കുന്നതും അപ്രകാരം ഗണിക്കപ്പെടുന്ന വയസ്സു അപേക്ഷക്കാരനെ ഏതു ഗുണഫലങ്ങൾക്കു അർഹൻ ആക്കുന്നുവോ ആ ഗുണഫലങ്ങൾക്കു രക്ഷാഭോഗ ഉടമ്പടി കൊടുക്കപ്പെടുന്നതും ആകുന്നു. എന്നാൽ രക്ഷാഭോഗ ഉടമ്പടിയിൽ ഇപ്രകാരം പ്രസ്താവിക്കപ്പെടുന്ന ഗുണഫലങ്ങൾക്കും യാതൊരു കൂട്ടലും കൂടാതെ അയാളുടെ വയസ്സു സ്വീകരിക്കപ്പെട്ടിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന ഗുണഫലങ്ങൾക്കും തമ്മിലുള്ള വ്യത്യാസത്തെ അയാളുടെ വയസ്സിനും അയാളുടെ ൫൫ ാമത്തെ വയസ്സിനും തമ്മിലുള്ള വ്യത്യാസത്താൽ ഹരിച്ചു വരുന്ന ഹരണഫലത്തെ അയാളുടെ മരണം അയാളുടെ ൫൫ ാമത്തെ വയസ്സിനു മുമ്പിൽ സംഭവിക്കയാണെങ്കിൽ മരണം വരെ രക്ഷാഭോഗ ഉടമ്പടിയിൽ പ്രസ്താവിച്ചിട്ടുള്ള ഗുണഫലങ്ങളോടു കൂടി ആണ്ടു തോറും കൂട്ടുന്നതും മേല്പറഞ്ഞ ഗുണഫലങ്ങളോടു കൂടി കൊടുക്കുന്നതും ആകുന്നു. അപേക്ഷക്കാരൻ ൫൫ വയസ്സിലധികം ജീവിച്ചിരിക്കുന്ന പക്ഷം യാതൊരു കൂട്ടലും കൂടാതെ അയാളുടെ വയസ്സു സ്വീകരിക്കപ്പെട്ടിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന ഗുണഫലങ്ങൾ തന്നെ കൊടുക്കുന്നതായിരിക്കും.

൧൭. ആദ്യത്തെ നഷ്ടോത്തരവാദങ്ങൾ രൊക്കമായോ ശമ്പളത്തിൽനിന്നു പിടിച്ചോ അപേക്ഷക്കാരൻ കൊടുത്താൽ രക്ഷാഭോഗ ഉടമ്പടി അയാൾക്കു കൊടുക്കുന്നതിനായി അപേക്ഷക്കാരൻ ഏതു താലൂക്കിൽ ജീവനമായി താമസിക്കുന്നുവോ ആ താലൂക്കിലെ തഹശീൽദാർക്കോ അയാളുടെ ശമ്പളം ഏതു ഖജനാവിൽ നിന്നു കൊടുക്കപ്പെടുന്നുവോ ആ ഖജനാവിലെ മേലധികാരിയായ ഉദ്യോഗസ്ഥനോ ചീഫ് സിക്രിട്ടറി ഉടമ്പടിയെ അയക്കേണ്ടതാകുന്നു. ആദ്യത്തെ നഷ്ടോത്തരവാദങ്ങൾ കൊടുക്കുന്ന തീയതി തന്നെ ഉടമ്പടിയുടെ തീയതി ആയിരിക്കും. ഉടമ്പടിയെ അപേക്ഷക്കാരനു കൊടുക്കുന്നതിനു മുമ്പായി തഹശീൽദാരോ ഖജനാ മേലധികാരം വഹിക്കുന്ന ഉദ്യോഗസ്ഥനോ തീയതി അതിൽ എഴുതേണ്ടതാകുന്നു.

അപേക്ഷക്കാരൻ ചട്ടം ൨ ബി വകുപ്പിൽ പ്രസ്താവിച്ചിട്ടുള്ള തരത്തിൽ ചേർന്ന ആളാണെങ്കിൽ, നഷ്ടോത്തരവാദങ്ങൾ അയാളെ നിയമിച്ച തീയതി മുതൽ കൊടുക്കേണ്ടതാകുന്നു.

൧൮. ൭-ാം വകുപ്പിൽ ആവശ്യപ്പെട്ടിട്ടുള്ളതുപോലെ രക്ഷാഭോഗി കൂടുതലായി രക്ഷാഭോഗ ഉടമ്പടിയിൽ ചേരേണ്ടിവരുമ്പോൾ ൧-ാം നമ്പർ ഫാറത്തിൽ ഒപ്പിട്ട ഒരു അപേക്ഷ അയാൾ അയക്കേണ്ടതാകുന്നു. രക്ഷാഭോഗി അപേക്ഷയിലും അതിൽ നിർദ്ദേശിച്ചിട്ടുള്ളതായ മൊഴിയിലും തന്റെ അടുത്ത മേലുദ്യോഗസ്ഥന്റെയോ ഒരു മാജിസ്ത്രേട്ടിന്റെയോ

[illegible] പ്പെട്ടിട്ടുണ്ടൊ എന്ന്, ആ ഉദ്യോഗസ്ഥൻ അവ തമ്മിലും സംക്ഷിപ്പപ്പെട്ടതും [illegible] ചീഫ് സിക്രട്ടറി കൃത്യമായി [illegible] നിക്ഷേപാത്തരവാദത്തുകകൾ യോജിക്കുന്നതായ ഗ്രന്ഥ [illegible] ഒരു രക്ഷാബോഗ ഉടമ്പടി കൊടുക്കാവുന്നതും, ഈ വിവരം രക്ഷാബോഗിയെ [illegible] ഉദ്യോഗസ്ഥൻ മുഖാന്തരം അറിയപ്പെടുത്താവുന്ന [illegible]. [illegible] വകുപ്പിൽ പറയുന്നപ്രകാരം [illegible] ചെയ്യുന്ന ഉടമ്പടിക്കു സംബന്ധിക്കുന്നതാകുന്നു.

൧൮. ഒരു രക്ഷാബോഗി മരിച്ചുപോയി എന്നുള്ള വിവരത്തിനു സർട്ടിഫിക്കെററൊ മററു വല്ല തൃപ്തികരമായ തെളിവൊ ഹാജരാക്കി ആ മരണത്തെ തെളിയിക്കുകയും രക്ഷാബോഗ ഉടമ്പടിയെ [illegible] ഏല്പിക്കുകയും ചെയ്താൽ നിക്ഷേപാത്തരവാദത്തുകയിൽ കടിശ്ശിഖ വല്ലതും ഉണ്ടെങ്കിൽ അതു കഴിച്ച് ഉടമ്പടിപ്രകാരമുള്ള പണം കൊടുക്കുന്നതിലെയ്ക്കു ഗവർണ്മെന്റു ഉത്തരവു കൊടുക്കുന്നതാകുന്നു. മരണം സംഭവിച്ചിരിക്കുന്നു എന്നു തെളിയിച്ചതിന്റെ ശേഷം ഒരു മാസത്തിനകം രക്ഷാബോഗിയുടെ അസൈൻനിക്കൊ പ്രതിനിധിക്കൊ പണം കൊടുക്കപ്പെടും. ഗുണഫലം വാങ്ങുന്നതിനു അവകാശമുള്ള ആളെപ്പററി സംശയമൊ തക്കമൊ ജനിക്കുന്നതായാൽ പണം കിട്ടണമെന്നു ആവശ്യപ്പെടുന്ന ആളിന്റെ അവകാശത്തിലെക്കു തൃപ്തികരമാംവണ്ണം ഉള്ള തെളിവു ഹാജരാക്കിയതിൽപിന്നിട്ടു ഒരു മാസത്തിനകം ഈ വക പണം കൊടുക്കപ്പെടും.

൧൯. നിക്ഷേപാത്തരവാദത്തുകകൾ മുമ്പെറായി കൊടുക്കപ്പെടണം. രക്ഷാബോഗിയുടെ മാസംതോറും ഉള്ള ശമ്പളത്തിൽനിന്നും പിടിച്ചു ഇതിനെ ഈടാക്കുന്നതുമാകുന്നു.

൨൦. രക്ഷാബോഗി അലവൻസുകളോടുകൂടി അവധിയിൽ ഇരിക്കുന്നതായാൽ, ആ അവധിയിലുള്ള അലവൻസുകൾ അയാൾ വാങ്ങുമ്പോൾ നിക്ഷേപാത്തരവാദത്തുക ഈടാക്കേണ്ടതാകുന്നു. അലവൻസുകളോടുകൂടാതെ അയാൾ അവധി വാങ്ങിയിരിക്കയൊ വേലയിൽനിന്നു അയാളെ സസ്പെന്റുചെയ്യുകയൊ ചെയ്യുന്നപക്ഷം നിക്ഷേപാത്തരവാദത്തുക മററുവിധത്തിൽ ഈടാക്കപ്പെടാഞ്ഞാൽ അതു ഉടമ്പടിയിന്മേൽ ആണ്ടൊന്നുക്കു നൂററിനു നാലുവീതംകൂടുന്ന പലിശയുള്ള ഒരു കടമായിരിക്കുന്നതും ആയതിനെ അയാളുടെ മെലാലുള്ള ശമ്പളം വല്ലതും ഉണ്ടെങ്കിൽ അതിൽനിന്നു കടിശ്ശിഖയുടെ മാതിരിയിൽ ആ ശമ്പളത്തിന്റെ നൂററിൽ അഞ്ചു ഭാഗത്തിൽ കവിയാത്ത [illegible]യിട്ടു തവണവച്ചു ഈടാക്കേണ്ടതുമാകുന്നു.

൨൧. ഒരു രക്ഷാബോഗിയുടെ ജീവനം നിന്നുപൊയിട്ടും അയാളുടെ ഉടമ്പടി പൂത്തിയാകുന്നതുവരെ നിക്ഷേപാത്തരവാദത്തുക ഒടുക്കിക്കൊണ്ടിരിക്കുന്നതിനു അയാൾക്കു മനസ്സുള്ളപക്ഷം അപ്രകാരമുള്ള നിക്ഷേപാത്തരവാദത്തുകയെ മാസത്തിലൊരിക്കലൊ മൂന്നു മാസത്തിലൊരിക്കലൊ ആറു മാസത്തിലൊരിക്കലൊ ആണ്ടിലൊരിക്കലൊ ആയി വല്ല ഗവർണ്മെന്റു ഖജനാവിലും ഒടുക്കുന്നതിനു ചീഫ് സിക്രട്ടറിക്കു അയാളെ അനുവദിക്കാവുന്നതാകുന്നു. നിക്ഷേപാത്തരവാദത്തുക മാസത്തിലൊരിക്കൽ ഒടുക്കുന്നതായാൽ ൧൫ ദിവസംവരെ താമസിച്ചു ഒടുക്കിയാലും സ്വീകരിക്കുന്നതാണ്. മററു വിധത്തിൽ ഒടുക്കുന്നതായാൽ ഒരു മാസം കഴിഞ്ഞു ഒടുക്കിയാലും സ്വീകരിക്കുന്നതായിരിക്കും. [illegible] രക്ഷാബോഗി പണം കൊടുക്കുന്നതിനു [illegible] പിന്നീടു [illegible] പണം അയാളുടെ വാങ്ങുന്നതല്ല. ഒടുക്കിയിട്ടുള്ള നിക്ഷേപാത്തരവാദത്തുക [illegible] ഉടമ്പടിചെയ്തിട്ടുള്ള തുകയ്ക്കു [illegible]ന്നതുമാകുന്നു.

൨൨. എല്ലാ രക്ഷാബോഗികളും നിക്ഷേപാത്തരവാദത്തുക ഒടുക്കിയ വിവരം കുറിച്ചിട്ടുള്ള ഒരു രശീതുപുസ്തകം [illegible] ഇതിൽ ആ സംഖ്യ [illegible] ഉള്ള [illegible] അയാളുടെ ശമ്പളം കിട്ടുമ്പൊ ആവശ്യം [illegible] ഉദ്യോഗസ്ഥൻ [illegible] അധികാരിയൊ പണം [illegible]താകുന്നു.

൨൩. ഒരു രക്ഷാബോഗിയുടെ ഉടമ്പടി കൈമോശംപോകുന്നപക്ഷം ഒരു രൂപാ [illegible] ഫീസു വാങ്ങിക്കൊണ്ടു ഉടമ്പടിക്കു ഒരു പകർപ്പു അയാൾക്കു ചീഫ് സിക്രട്ടറി കൊടുക്കാവുന്നതാണ്.

ഒരു രക്ഷാബോഗിയായ സർക്കാർ ജീവനക്കാരൻ [illegible] നിക്ഷേപാത്തരവാദത്തുകകൾ [illegible] രസീതു പുസ്തകത്തെ [illegible]നാൽ [illegible] മാസം ഒന്നിനു [illegible] രൂപായിൽ [illegible]ങ്കിൽ ഒരു രൂപായും [illegible] രൂപായും [illegible] രൂപായും നാല്പതു രൂപായൊ അതിൽ കവിയുന്നതൊ ആണെങ്കിൽ അഞ്ചു രൂപായും ഫീസായി കൊടുക്കുന്ന പക്ഷം അതിനു മുമ്പിൽ കൊടുക്കപ്പെട്ടി

ട്ടുള്ള നഷ്ടോത്തരവാദത്തുകൾകം കിട്ടീട്ടുള്ളതായി സാക്ഷ്യപ്പെടുത്തി ഒരു പുതിയ പുസ്തകം ആ രക്ഷാഭോഗിക്കു ചീഫ്സിക്രട്ടരി കൊടുക്കാവുന്നതാകുന്നു.

൨൬. ഒരു രക്ഷാഭോഗി തന്റെ ഉടമ്പടിയെ സംബന്ധിച്ച വല്ല കളവായ അറിവുകൊടുക്കുകയൊ വല്ല കള്ളത്തെളിവു അയാൾ ഹാജരാക്കുകയൊ ചെയ്താൽ അയാളുടെ ഉടമ്പടി റദ്ദാകുന്നതാകുന്നു അയാൾ ഒടുക്കീട്ടുള്ള നഷ്ടോത്തരവാദത്തുകകൾ ഗവൎമ്മെന്റിലെക്കു ഇളുന്നുചൊകെണ്ടതുമാകുന്നു.

൨൭. ഈ ചട്ടങ്ങളോടു വല്ലതും കൂട്ടിചെൎക്കുകയൊ അവയെ ഭെദഗതിചെയ്യുകയൊ അതല്ലാ മെലാലുള്ള അപെക്ഷകന്മാരെ സംബന്ധിച്ചിടത്തൊളം തീരെ റദ്ദുചെയ്യുകയൊ ചെയ്യുന്നതിനുള്ള അധികാരം ഗവൎമ്മെന്റിനുള്ളതാകുന്നു.

൨൮. പെൻഷൻചട്ടം അനുസരിച്ച ഏതു ജീവനങ്ങൾക്കു അടുത്തുണിന്നു അവകാശമില്ലയൊ ആ ജീവനങ്ങൾക്കു ഈ ചട്ടങ്ങൾ സംബന്ധിക്കുന്നതല്ല.

൨൯. ഈ ഭെദപ്പെടുത്തിയ ചട്ടങ്ങൾ ൧൦൭൯-ാമാണ്ടു മാശിമാസം ൧-നു മുതൽ നടപ്പിൽ വരുന്നതാകുന്നു.

ഹജ്ജൂർകച്ചെരി,
തിരുവനന്തപുരം.
൯൦൪ ഫെബ്രുവരി ൩൹

ദിവാൻ ബഹദൂർ,
കെ. കൃഷ്ണസ്വാമിരായർ,
സി ഐ ഇ, ദിവാൻ.

രക്ഷാഭോഗളടമ്പടി ചെയ്തിട്ടുള്ള ആൾ മാസം തോറും കൊടുക്കേണ്ടതായ നഷ്ടോത്തരവാദത്തുകക്കു അനുരൂപമായി ഓരോ വയസ്സു ക്രമം അനുസരിച്ചു കൊടുക്കാനുള്ളതായ ഗുണഫലത്തുക കാണിക്കുന്ന പട്ടിക.

൩ാം വകുപ്പു നോക്കുക.

Monthly premium in rupees.	1	1·5	2	2·5	3	3·5	4	4·5	5	5·5	6	6·5	7	7·5	8	8·5	9	9·5	10	Monthly premium in rupees.
Age 18	574·81	862·24	1149·68	1437·10	1724·52	2011·94	2299·56	2586·78	2874·20	3161·62	3410·01	3730·16	4023·88	4311·30	4599·72	4886·14	5173·26	5460·98	5748·40	Age 18
.. 19	561·10	842·10	1122·60	1403·50	1681·20	1964·90	2245·60	2526·30	2907	3087·70	3368·40	3010·10	3929·80	4210·50	4491·20	4771·90	5052·60	5333·30	5614	.. 19
.. 20	547	820·50	1094	1367·40	1641	1914·50	2188	2461·50	2735	3006·50	3282	3555·50	3829	4102·50	4376	4649·54	4923	5196·50	5470	.. 20
.. 21	533·33	799·99	1066·66	1333·33	1709·99	1866·06	2133·33	2399·99	2666·66	2933·33	3199·99	3466·66	3733·33	3999·99	4266·66	4533·33	4799·99	5066·60	5333·30	.. 21
.. 22	518·91	775·36	1037·82	1297·27	1556·73	1816·18	2075·64	2335·09	2594·55	2851·00	3115·46	3372·91	3632·37	3891·82	4151·28	4410·73	4670·19	4929·64	5180·10	.. 22
.. 23	505·26	757·89	1010·52	1263·15	1516·78	1768·41	2021·04	2273·67	2526·30	2778·93	3031·50	3284·19	3536·82	3789·45	4042·08	4294·71	4547·34	4799·97	5052·60	.. 23
.. 24	480	720	960	1200	1440	1680	1920	2160	2400	2640	2880	3120	3360	3600	3840	4080	4320	4560	4800	.. 24
.. 25	457·14	685·71	914·28	1142·85	1371·42	1599·90	1828·56	2057·13	2285·70	2514·27	2742·84	2971·41	3107·08	3428·57	3657·12	3885·69	4114·26	4342·83	4571·40	.. 25
.. 26	436·36	654·54	872·72	1090·90	1309·08	1527·26	1747·44	1963·62	2181·80	2399·98	2018·16	2836·84	3054·52	3272·70	3491·88	3709·06	3927·24	4145·42	4363·60	.. 26
.. 27	417·39	626·08	834·78	1013·47	1252·17	1460·86	1669·60	1878·26	2086·95	2205·64	2501·34	2713·03	2921·73	3130·42	3339·12	3547·81	3756·51	3965·20	4173·90	.. 27
.. 28	400	600	800	1000	1200	1400	1600	1800	2000	2200	2400	2600	2800	3000	3200	3400	3600	3800	4000	.. 28
.. 29	384	576	768	960	1152	1344	1536	1728	1920	2112	2304	2496	2688	2880	3027	3264	3456	3648	3840	.. 29
.. 30	369·23	553·81	738·46	923·07	1107·69	1292·30	1476·92	1661·53	1846·15	2030·76	2215·38	2390·09	2581·61	2769·22	2953·84	3138·45	3323·07	3507·68	3692·30	.. 30
.. 31	342·85	514·27	685·70	857·12	1028·56	1199·97	1371·40	1542·82	1714·25	1885·67	2057·10	2228·52	2399·97	2571·37	2742·80	2914·22	3085·65	3257·07	3428·50	.. 31
.. 32	331·03	496·51	662·06	827·57	993·09	1158·60	1324·12	1489·63	1655·15	1820·66	1986·18	2151·69	2317·20	2483·73	2648·24	2813·75	2979·27	3144·78	3310·30	.. 32
.. 33	309·67	464·50	619·34	774·17	929·01	1083·84	1238·68	1393·51	1548·35	1703·18	1878·02	2012·85	2167·68	2323·51	2477·36	2632·19	2787·03	2941·86	3096·70	.. 33
.. 34	300	450	600	750	900	1050	1200	1350	1500	1650	1800	1950	2100	2250	2400	2550	2700	2850	3000	.. 34
.. 35	282·35	421·52	564·70	705·87	817·07	988·22	1129·40	1270·57	1411·75	1552·92	1694·10	1835·27	1976·41	2117·61	2258·80	2399·97	2541·15	2682·32	2823·50	.. 35
.. 36	274·25	411·42	518·50	685·70	822·81	959·98	1097·12	1234·26	1371·40	1508·51	1645·68	1782·82	1919·96	2057·10	2194·24	2331·38	2168·52	2605·66	2742·80	.. 36
.. 37	272·47	359·17	518·90	614·02	778·35	908·07	1037·80	1167·52	1297·25	1426·97	1556·70	1686·43	1816·11	1945·82	2075·60	2205·32	2337·05	2464·77	2594·50	.. 37
.. 38	246·15	369·24	492·30	615·37	738·47	861·72	981·60	1107·67	1230·75	1353·82	1476·90	1599·97	1723·01	1846·13	1900·20	2092·27	2215·35	2338·42	2461·50	.. 38
.. 39	228·57	342·85	457·14	571·42	685·71	799·99	914·28	1028·40	1142·85	1257·13	1371·42	1185·70	1599·98	1714·26	1828·56	1942·84	2057·13	2171·41	2285·70	.. 39
.. 40	213·33	319·99	426·66	533·32	639·99	746·65	853·32	959·98	1066·65	1173·31	1379·98	1386·64	1493·30	1599·96	1700·64	1813·30	1919·97	2026·63	2133·30	.. 40
.. 41	200	304	400	500	600	700	800	900	1000	1100	1200	1300	1400	1500	1600	1700	1800	1900	2000	.. 41
.. 42	188·23	282·34	376·40	470·57	564·60	658·80	752·02	847·03	941·15	1037·26	1129·38	1223·40	1317·00	1411·71	1505·84	1598·95	1604·07	1788·19	1882·30	.. 42
.. 43	171·34	261·81	349·08	436·33	523·62	610·89	698·16	785·43	872·70	959·97	1047·24	1134·51	1221·78	1309·05	1396·32	1483·59	1570·86	1658·19	1745·10	.. 43
.. 44	160	240	320	400	480	560	640	720	800	880	960	1040	1120	1200	1280	1360	1440	1520	1600	.. 44
.. 45	145·45	218·17	290·00	363·02	436·35	509·07	581·80	654·52	727·25	799·97	872·70	945·42	1018·14	1090·86	1163·60	1236·32	1309·05	1381·77	1454·50	.. 45
Pay ..	20	30	40	50	60	70	80	90	100	110	120	130	140	150	160	170	180	190	200	Pay.

രക്ഷാഭോഗം എ]

തിരുവിതാംകോട്ടു സംസ്ഥാനം വക സൎക്കാർ രക്ഷാഭോഗ ഏൎപ്പാട്.

രക്ഷാഭോഗത്തിനുള്ള അപേക്ഷ

ആദ്യമായി രക്ഷാഭോഗ ഏൎപ്പാടിൽ ചേരുന്നതിനു അപേക്ഷിക്കുന്നയാൾ എഴുതി തരേണ്ട വിവരങ്ങൾ.

അപേക്ഷകനു അറിയിപ്പു	അപേക്ഷകൻ എഴുതേണ്ട സംഗതികൾ
തന്റെ പൂൎണ്ണമായ ക്രിസ്ത്യൻ പേരും (സർനെയിം) കുടുംബപ്പേരും (a) എന്ന അടയാളം ഇട്ടിരിക്കുന്ന വരിയിൽ എഴുതണം; അല്ലെങ്കിൽ (a), (a1), (a2) എന്നീ അടയാളം ഇട്ടിരിക്കുന്ന വരികളിൽ തന്റെ മുഴുവൻ പേരും അച്ഛന്റെയൊ കാരണവന്റെയൊ പേരും തന്റെ ജാതി വാസസ്ഥലം ഇവയും എഴുതണം.	(a) .... (a1) .... (a2) ....
ഇൻഡ്യയിൽ ജനിച്ചയാളാണെന്നു വരികിൽ (b) എന്നു അടയാളമിട്ടിരിക്കുന്ന വരിയിൽ താൻ ജനിച്ചതു ഇന്ന സ്ഥലത്തിലാണെന്നു വിവരിക്കണം; ഇന്ന ജില്ലയിലൊ പ്രൊവിൻസിലൊ എന്നു കൂടി എഴുതിയിരിക്കണം.	ഇന്ത്യൻ ഉപദ്വീപത്തുള്ള ഏതൊന്നിൽ ഞാൻ (b) .... ത്താൽ
താൻ ജനിച്ച ആണ്ടും മാസവും തീയതിയും (c) അടയാളം ഇട്ട വരിയിൽ എഴുതണം.	(c) .... ആണ്ടിൽ .... മാസം .... ന ജനിച്ചു കഴിഞ്ഞ ജന്മനാളിൽ എനിക്കു ...... വയസ്സു തികഞ്ഞു
തന്റെ സൎക്കാർ ജീവനത്തിന്റെ പേരും അലവൻസു തള്ളി സ്ഥിരലാവണം ശമ്പളം എത്രയെന്നും (d), (d1) എന്നീ വരികളിൽ എഴുതണം.	ഞാൻ ഇപ്പോൾ (d) .... ജീവനത്തിൽ ഇരിക്കുന്നു എന്റെ സ്ഥിരലാവണം ശമ്പളം .... (d1) .... ആകുന്നു
മുമ്പിൽ തന്നെ സൎക്കാർ ജീവനക്കാരനാണെന്നു വരികിൽ എത്ര കാലം സൎവീസുണ്ടെന്നും എത്ര കാലം അവധി എടുത്തിട്ടുണ്ടെന്നും (e) എന്ന വരിയിൽ എഴുതണം.	എനിക്കു ഗവൎമ്മെണ്ടിൽ ...... (e) കൊല്ലത്തെ സൎവീസുണ്ടു, അതിനിടയ്ക്കു താഴെ വിവരിക്കുന്ന അവധികൾ എടുത്തിട്ടുണ്ടു
സ്ഥിരലാവണം കിട്ടിയ തീയതി.	
പത്തു രൂപായൊ കൂടുതലൊ ശമ്പളത്തിൽ സ്ഥിരലാവണം ആദ്യമായി കിട്ടിയ തീയതി.	
സൎക്കാർ രക്ഷാഭോഗ ഏൎപ്പാടിലൊ വല്ല രക്ഷാഭോഗ കമ്പനിക്കാരൊ താൻ ഏൎപ്പാടിൽ ചേരാനു യോഗ്യനല്ലെന്നു തള്ളിട്ടുണ്ടൊ, ഏതു കമ്പനിക്കാർ.	

കുറിപ്പ്—അപേക്ഷക്കാരൻ ക്രിസ്ത്യൻ ആയിരുന്നാൽ അയാൾ ജ്ഞാനസ്നാനം ചെയ്ത വകക്കുള്ള സൎട്ടിഫിക്കേറ്റിന്റെ ഒരു പകൎപ്പു അയക്കണം. ഇതു കിട്ടാൻ ഇടയില്ലെന്നു വരികിൽ വയസ്സിനു തൃപ്തികരമായ തെളിവു ഹാജരാക്കണം. അപേക്ഷക്കാരൻ ക്രിസ്ത്യാനല്ലാത്തവനായിരുന്നാൽ അയാളുടെ അസൽ ജാതകമൊ ഒരു മജിസ്ട്രേട്ടിനാൽ സാക്ഷീകരിക്കപ്പെട്ടിട്ടുള്ള അതിന്റെ പകൎപ്പൊ അയക്കണം. അയാളുടെ ജനന കാലത്തിൽ ജാതകം എഴുതിയിട്ടില്ലെന്നു വരികിൽ അയാളുടെ വയസ്സിനെക്കുറിച്ചു ആവശ്യമുണ്ടെങ്കിൽ വിവരം ചോദിക്കാൻ പറയുന്നവരായി മാന്യന്മാരായ രണ്ടാളുകളുടെ പേരും വാസസ്ഥല വിവരവും താഴെ വിവരിച്ചിരിക്കണം.

തീയതി

അപേക്ഷക്കാരന്റെ ഒപ്പ്.

ഏതു ഉദ്യോഗസ്ഥന്റെ മുമ്പാകെ വച്ചു അപേക്ഷക്കാരൻ ഒപ്പിടപ്പെടുന്നുവൊ ആ ഉദ്യോഗസ്ഥൻ കൊടുക്കേണ്ട സൎട്ടിഫിക്കെററ.

ഇതിനാൽ ഞാൻ ഉറപ്പു വരുത്തുന്നതെന്തെന്നാൽ മെൽ പറഞ്ഞിരിക്കുന്ന അറിയിപ്പിനെയും വിവരങ്ങളെയും ഞാൻ അപേക്ഷക്കാരനെ വായിച്ചു കെൾപ്പിക്കയും (വെണ്ട വിവരങ്ങൾ പറഞ്ഞുകൊടുക്കയും) അപേക്ഷക്കാരൻ എന്റെ മുമ്പാകെ വച്ചു ഒപ്പിടുകയും ചെയ്തിരിക്കുന്നു.

(ബ്രാക്കററിലുള്ള ഭാഗം അപേക്ഷക്കാരനു ഭാഷാജ്ഞാനമില്ലാതിരുന്നാൽ മാത്രം ഉപയോഗിച്ചാൽ മതിയാകും; അല്ലാത്ത സംഗതികളിൽ അതിനെ വെട്ടിക്കളയാം.)

(സ്ഥലം) (ഒപ്പു)

(തീയതി) (ഉദ്യോഗപ്പേർ)

മെഡിക്കൽ ഉദ്യോഗസ്ഥന്റെ മുമ്പാകെ വച്ചു അപേക്ഷക്കാരൻ ഒപ്പിടേണ്ടതായ മൊഴി.

ഞാൻ ഇതിനാൽ ഉറപ്പു വരുത്തുന്നതു എന്തെന്നാൽ മെൽ ഞാൻ എഴുതിയിരിക്കുന്ന വിവരങ്ങളും മെഡിക്കൽ ഉദ്യോഗസ്ഥന്റെ മുമ്പാകെ ഞാൻ പറഞ്ഞിട്ടുള്ള വിവരങ്ങളും എന്റെ അറിവിലും വിശ്വാസത്തിലും പെട്ടെടത്തോളം സത്യമാകുന്നു. ഞാൻ വെളിവായി പറയണമെന്നു എന്നൊടു ആവശ്യപ്പെട്ടിട്ടുള്ള യാതൊരു സംഗതിയെയും പററി യാതൊരു വിവരവും ഞാൻ പറയാതിരുന്നിട്ടില്ല. മെൽപ്പറഞ്ഞ വിവരങ്ങൾ രക്ഷാഭൊഗ ഏൎപ്പാടിൽ എന്നെ ചെൎക്കുന്നതിനു വെണ്ട ഉടമ്പടിയിടെ അടിസ്ഥാനമായിരിക്കുന്നതാണെന്നും ഞാൻ മനഃപൂൎവ്വമായി കളവായ വല്ല വിവരവും പറഞ്ഞിട്ടുണ്ടെന്നൊ ഞാൻ അറിയപ്പെടുത്തെണ്ടതായ വല്ല സംഗതിയും ഞാൻ കളവായി മറച്ചു വച്ചിട്ടുണ്ടെന്നൊ മെലാൽ കാണുന്നതായാൽ മെൽപ്പറഞ്ഞ ഉടമ്പടിയനുസരിച്ചു ഞാൻ ഒടുക്കീട്ടുള്ള എല്ലാ നഷ്ടോത്തരവാദത്തുകയെയും ഞാൻ ഇഴന്നു പൊയ്ക്കൊള്ളാമെന്നും ഉടമ്പടിയെ തീരെ റദ്ദ ചെയ്യാവുന്നതാണെന്നും ഞാൻ സമ്മതിക്കുന്നു.

(തീയതി)

അപേക്ഷക്കാരന്റെ ഒപ്പു.

മെഡിക്കൽ ആപ്പീസരുടെ അഭിപ്രായം.

൧൧.

ആയുഷ്കാലത്തെ കുറയ്ക്കുന്നതിനു ഇട വരുത്തുന്നതായ ദീനം ഉണ്ടു/ഇല്ലാ എന്നും മെലും ആവൎത്തിച്ചു വരാവുന്നതായ കഠിനമായ വല്ല ദീനവും ഉണ്ടാ/ഇല്ലാ യിരുന്നിട്ടുണ്ടെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

സാധാരണ രീതിയിലുള്ള നഷ്ടോത്തരവാദത്തുകയ്ക്കു

രെ രക്ഷാഭൊഗ ഏൎപ്പാട്ടിൽ ചെൎക്കണമെന്നു ഞാൻ ഗവൎമ്മെണ്ടിനൊടു ശിപാൎശ ചെയ്യുന്നു/ചെയ്യുന്നില്ല

————രുടെ കാഴ്ചയിൽ നിന്നു ഇയാൾക്കു————വയസ്സുണ്ടെന്നു കാണുന്നു.

അപേക്ഷക്കാരൻ മെൽ വിവരിച്ച മൊഴിയെ എന്റെ മുമ്പാകെ വച്ചു ഒപ്പിട്ടിരിക്കുന്നു.

(മെഡിക്കൽ ഉദ്യോഗസ്ഥന്റെ ഒപ്പു)

(സ്ഥലം)

(തീയതി)

—(൦)—

രക്ഷാഭോഗം വ.

തിരുവിതാംകോട്ട സൎക്കാർ വക രക്ഷാഭോഗ ഏൎപ്പാട.

....തീയതിയിലെ..........................നമ്പർ ഉടമ്പടിക്കാറൻ കൂടുതലായി ഒരം ഏൎപ്പാട്ടിൽ ചെരുന്നാവശ്യപ്പെട്ടുള്ള അപെക്ഷ

മുമ്പിൻ തന്നെ രക്ഷാഭോഗ ഉടമ്പടിയിൽ ചെൎന്നിട്ടുള്ളയും കൂടുതലായി ഒരം ഉടമ്പടിയിൽ ചെരണമെന്ന അപെക്ഷയുള്ളയും ആൾ എഴുതി കൊടുക്കെണ്ട വിവരങ്ങൾ.

അപെക്ഷക്കാറന്ന അറിയിപ്പ	അപെക്ഷക്കാറൻ എഴുതെണ്ട സംഗതി
(a) എന്ന വരിയിൽ തന്റെ പൂൎണ്ണക്രിസ്ത്യൻപെരും കുടുംബപ്പെരും എഴുതണം അല്ലെങ്കിൽ തന്റെ മുഴുവൻ പെരും അച്ഛന്റെയൊ കാരണവന്റെയൊ പെരും തന്റെ ജാതി വാസസ്ഥലം ഇവയും (a) (a¹) (a²) എന്നീവരികളിൽ എഴുതണം	(a) ....
	(a¹) ....
	(a²) ....
തന്റെ ഇപ്പഴത്തെ ജീവനവും കഴിഞ്ഞ തവണ രക്ഷാഭോഗ ഏൎപ്പാട്ടിൽ ചെൎന്നപ്പോൾ ഉണ്ടായിരുന്ന ജീവനവും ഇന്നതാണെന്നും മുമ്പിലത്തെ രക്ഷാഭോഗ ഉടമ്പടിയുടെ നമ്പരും തീയതിയും.	
എല്ലാവിധം അലവൻസും ഒഴിച്ച തന്റെ ഇപ്പഴത്തെശമ്പളവും മുമ്പിലത്തെശമ്പളവും.	
കൂടുതൽ ശമ്പളം കിട്ടിയ തീയതി	
മുമ്പിലത്തെ രക്ഷാഭോഗ ഉടമ്പടിയിൽ എഴുതീട്ടുള്ള ജനന ദിവസം	

(തീയതി) അപെക്ഷക്കാറന്റെ (ഒപ്പ)

അപെക്ഷക്കാറൻ എന്റെ മുമ്പാകെ വച്ച ഇതിൽ ഒപ്പിട്ടിരിക്കുന്നു

(സ്ഥലം) (ഏതു ഉദ്യോഗസ്ഥന്റെ മുമ്പാകെ വച്ച അപെക്ഷക്കാറൻ

(തീയതി) ഒപ്പിടുന്നുവൊ ആ ഉദ്യോഗസ്ഥന്റെ ഉദ്യോഗപ്പെരും ഒപ്പും)

അപെക്ഷക്കാറൻ ഒപ്പിടെണ്ടതായ മൊഴി.

ഞാൻ ഇതിനാൽ ഉറപ്പ വരുത്തുന്നതു എന്തെന്നാൽ മെൽ ഞാൻ എഴുതിയിരിക്കുന്ന വിവരങ്ങളും ആദ്യമായി രക്ഷാഭോഗ ഏൎപ്പാടിൽ ചെൎന്ന കാലത്തു മെഡിക്കൽ ഉദ്യോഗസ്ഥന്റെ മുമ്പാകെ ഞാൻ പറഞ്ഞിട്ടുള്ള വിവരങ്ങളും എന്റെ അറിവിലും വിശ്വാസത്തിലും പെട്ടടത്തൊളം സത്യമാകുന്നു. ഞാൻ വെളിവായി പറയണമെന്ന എന്നൊട ആവശ്യപ്പെട്ടിട്ടുള്ള യാതൊരു സംഗതിയെയുംപറ്റി യാതൊരു വിവരവും ഞാൻ പറയാതിരുന്നിട്ടുമില്ല. മെൽപറഞ്ഞ വിവരങ്ങൾ രക്ഷാഭോഗ ഏൎപ്പാടിൽ എന്നെ ചെൎക്കുന്നതിന വെണ്ട ഉടമ്പടിയിൽ അടിസ്ഥാനമായിരിക്കുന്നതാണെന്നും ഞാൻ മനഃപൂൎവ്വമായി കളവായ വല്ല വിവരവും പറഞ്ഞിട്ടുണ്ടെന്നൊ ഞാൻ അറിയപ്പെടുത്തെണ്ടതായ വല്ല സംഗതിയും ഞാൻ കളവായി മറച്ച വച്ചിട്ടുണ്ടെന്നൊ തെളിഞ്ഞാൽ കാണുന്നതായാൽ മെൽപറഞ്ഞ ഉടമ്പടിയനുസരിച്ച ഞാൻ ഒടുക്കീട്ടുള്ള എല്ലാ നഷ്ടോത്തരവാദത്തുകയെയും ഞാൻ ഇളുന്ന പൊയ്യൊള്ളാവുന്നതും ഉടമ്പടിയെ തീരെ റദ്ദ് ചെയ്യാവുന്നതാണെന്നും ഞാൻ സമ്മതിക്കുന്നു.

(തീയതി)

അപെക്ഷക്കാറന്റെ ഒപ്പ

(തീയതി)

അപെക്ഷക്കാറൻ എന്റെ മുമ്പാകെവച്ച ഇതിൽ ഒപ്പിട്ടിരിക്കുന്നു.

(സ്ഥലം) (ഏതു ഉദ്യോഗസ്ഥന്റെ മുമ്പാകെവച്ച മൊഴി ഒപ്പിടപ്പെടുന്നുവൊ

(തീയതി) ആ ഉദ്യോഗസ്ഥന്റെ ഒപ്പ

രക്ഷാഭൊഗം ൩.

സൎക്കാർ വക രക്ഷാഭൊഗ ഏൎപ്പാട.

൧-ം നമ്പർ രക്ഷാഭൊഗ ഉടമ്പടി.

..................കച്ചെരിയിൽ...
..........ജീവനക്കാരനും അപെക്ഷക്കാരൻ എന്നു ഇതിൽ വ്യവഹരിക്കപ്പെടുന്നതും ആയ......
....ർ
അയാളുടെ ജീവനസ്ഥിതിയിന്മെൽ..........................
..............രൂപാ പൂൎണ്ണഫലത്തുകയായി അയാൾക്കു കിട്ടെണ്ടതിലെക്കായി തിരുവിതാംകൊട്ട ഗവൎമ്മെണ്ടുമായി ഉടമ്പെടുകയും..........൧മാണ്ടു............മാസം.........൹ അയാൾ തന്നെ ഒപ്പിട്ടതായ അപെക്ഷയും മൊഴിയും മെൽപടി ഉടമ്പടിയുടെ അടിസ്ഥാനമായി ഹാജരാക്കുകയും ചെയ്തിരിക്കയാൽ;

ഇതിനാൽ ഉടമ്പടി ചെയ്യുന്നതു എന്തെന്നാൽ അപെക്ഷക്കാരൻ, ഇതിലെക്കായി തിരുവിതാംകൊട്ട ഗവൎമ്മെണ്ടിൽ നിന്നും നിശ്ചയിച്ചിരിക്കുന്ന ചട്ടങ്ങളിൽ വിധിച്ചിരിക്കുന്ന മാതിരിയിൽ തിരുവിതാംകൊട്ട ഗവൎമ്മെണ്ടിലെക്കു ആദ്യത്തെ നഷ്ടോത്തരവാദത്തുകയായി...... രൂപായും പിന്നീടു ൧൦ ൧മാണ്ടു മാസം തുടങ്ങി ൧൦ ൧മാണ്ടു മാസം കൊണ്ടു അവസാനിക്കുന്നതായ കാലത്തിലൊ അയാളുടെ മരണം വരെയൊ, ഏതു മുമ്പിൽ വരുന്നുവൊ അതുവരെ, മാസന്തൊറും......രൂപാ വീതവും ഒടുക്കുകയും അപെക്ഷക്കാരൻ മരിച്ചതിന്റെശെഷം അയാളുടെ മരണത്തെപറ്റി തൃപ്തികരമായ തെളിവു ഹാജരാക്കുകയും രക്ഷാഭൊഗ ഉടമ്പടിയെ തിരിച്ചു ഏല്പിക്കുകയും ചെയ്യുന്നതായാൽ മെൽപറഞ്ഞ അപെക്ഷക്കാരന്റെ ന്യായാനുസൃതനായ പ്രതിനിധിക്കൊ അസൈനിക്കൊ...........രൂപാ മെല്പടി ഗവൎമ്മെണ്ടു കൊടുക്കുന്നതിനു ബാദ്ധ്യപ്പെട്ടിരിക്കുന്നതാകുന്നു.

എന്നാൽ ഈ ഉടമ്പടി താഴെ വിവരിക്കുന്ന കല്പത്തിനധീനപ്പെട്ടിരിക്കുന്നതാണ്. അതാവിതു മെൽപറഞ്ഞ അപെക്ഷയിലും മൊഴിയിലും വിവരിച്ചിരിക്കുന്ന സംഗതികൾ അസത്യമാണെന്നു വരികിൽ ഉടമ്പടി റദ്ദ് ചെയ്യപ്പെടുന്നതും അപെക്ഷക്കാരൻ ഒടുക്കീട്ടുള്ള തുകയെ അയാൾ ഇഴന്നുപൊകെണ്ടതുമാകുന്നു.

അപെക്ഷക്കാരന്റെ ജനന ദിവസം....................................യാണെന്നു ഇതിനാൽ സമ്മതിക്കപ്പെട്ടിരിക്കുന്നു.

൧-ം വൎഷം }
മാസം ൹ }

ദിവാൻ ചീഫ് സിക്രട്ടരി.

ആദ്യത്തെ നഷ്ടോത്തരവാദത്തുകയായ............രൂപാ ഈ ഖജനാവിൽ വാങ്ങിച്ചിരിക്കുന്നു.

(സ്ഥലം)

(തീയതി)

(ഖജനാ മെലധികാര ഉദ്യൊഗസ്ഥൻ.)

കുറിപ്പ്—ഈ ഉടമ്പടി സൎക്കാർ വക രക്ഷാഭൊഗ ഏൎപ്പാടിനെപ്പറ്റി തിരുവിതാംകൊട്ട ഗവൎമ്മെണ്ടിൽ നിന്നു ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കു ഉൾപ്പെട്ട കൊടുക്കപ്പെട്ടിട്ടുള്ളതാകുന്നു.

രക്ഷാഭോഗം ന. എ.

സർക്കാർ വക രക്ഷാഭോഗ ഏപ്പാട.

൧ം നമ്പർ രക്ഷാഭോഗ ഉടമ്പടി

....ച്ചേരിയിൽ..
..............................ജീവനക്കാരനും അപേക്ഷക്കാരൻ എന്ന ഇതിൽ വ്യവഹരിക്കപ്പെട്ടന്നതും ആയ...ർ
അയാളുടെ ജീവനസ്ഥിതിയിന്മെൽ

രൂപാ ഗുണഫലത്തുകയായി അയാൾക്ക കിട്ടെണ്ടതിലെക്കായി തിരുവിതാംകോട്ട ഗവർമെന്റുമായി ഉടമ്പെട്ടകയും ൧൦ാമാണ്ടു മാസം ന- അയാൾ തന്നെ ഒപ്പിട്ടതായ അപെക്ഷയും മൊഴിയും മെൽപടി ഉടമ്പടിയുടെ അടിസ്ഥാനമായി ഹാജരാക്കിയിരിക്കയും അയാളുടെ വയസ്സിൽ ... ... സംവത്സരം കൂട്ടി ചെർത്തിരിപ്പെട്ട അയാളുടെ അപെക്ഷയെ സ്വീകരിക്കാനു ഡർബാർഫിസിഷ്യന്റെ ശിപാർശയിന്മെൽ, നിശ്ചയിച്ചിരിക്കയും ചെയ്കയാൽ;

ഇതിനാൽ ഉടമ്പടി ചെയ്യുന്നതു എന്തെന്നാൽ അപെക്ഷക്കാരൻ, ഇതിലെക്കായി തിരുവിതാംകോട്ട ഗവർമെണ്ടിൽ നിന്നും നിശ്ചയിച്ചിരിക്കുന്ന ചട്ടങ്ങളിൽ വിധിച്ചിരിക്കുന്ന മാതിരിയിൽ തിരുവിതാംകോട്ട ഗവർമെന്റിലെക്കു ആദ്യത്തെ നക്ഷ്ടോത്തരവാദത്തുകയായി...... രൂപായും പിന്നീട ൧൦ ാമാണ്ടു മാസം തുടങ്ങി ൧൦ ാമാണ്ടു മാസംകൊണ്ടു അവസാനിക്കുന്നതായ കാലത്തിലൊ അയാളുടെ മരണം വരെയൊ, ഏതു മുമ്പിൽ വരുന്നുവൊ അതുവരെ, മാസന്തൊറും.........രൂപാ വീതവും ഒടുക്കുകയും അപെക്ഷക്കാരനായ..................... മരിച്ചതിന്റെശെഷം അയാളുടെ മരണത്തെപ്പറ്റി തൃപ്തികരമായ തെളിവു ഹാജരാക്കുകയും രക്ഷാഭോഗ ഉടമ്പടിയെ തിരികെ ഏല്പിക്കുകയും ചെയ്യുന്നതായാൽ മെൽപറഞ്ഞ അപെക്ഷക്കാരന്റെ ന്യായാനുസൃതനായ പ്രതിനിധിക്കൊ അസൈനിക്കൊ ....രൂപായെല്ലാടി ഗവർമെണ്ടു കൊടുക്കുന്നതിനു ബാദ്ധ്യപ്പെട്ടിരിക്കുന്നതാകുന്നു.

എന്നാൽ മെൽപറഞ്ഞ... ... .രൂപാ കൂടാതെ ആദ്യത്തെ നക്ഷ്ടോത്തരവാദത്തുക ഒടുക്കിയ തീയതിക്കു പിന്നീട അയാൾ ജീവിച്ചിരിക്കുന്ന ഓരൊ കൊല്ലത്തെക്കും................
